11
2025
ജനുവരി
ശനി
ധനു 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.49 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-49 പേജ് 4. വില 2.00 രൂപ

02 ശക്തമായ ഭരണസംവിധാനവും പ്രൊഫഷണലുകളും നഗരാസൂത്രണത്തിന് നിർണായകമെന്ന് വിദഗ്ധർ

03 മാമി തിരോധാനം: കാണാതായ ഡ്രൈവറേയും ഭാര്യയേയും കണ്ടെത്തി

04 തിരുവനന്തപുരം മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ്

# പി.വി അൻവർ തൃണമൂൽ കോൺഗ്രസിൽ

കൊൽക്കത്ത: നിലമ്പൂർ എം.എൽ.എ. പി.വി. അൻവർ ഇനി തൃണമൂൽ കോൺഗ്രസിനൊപ്പം. ദേശീയ ജനറൽ സെക്രട്ടറിയും മമത ബാനർജിയുടെ അനന്തരവനുമായ അഭിഷേക് ബാനർജി അൻവറിനെ സ്വീകരിച്ചു.

കൊൽക്കത്തയിൽ അഭിഷേക് ബാനർജി ഓഫീസിൽവെച്ച് ഇരുവരും കൂടിക്കാഴ്ച നടത്തി. രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനായി ഒന്നിച്ചു പ്രവർത്തിക്കാമെന്ന് തൃണമൂൽ കോൺഗ്രസ് എക്സിൽ കുറിച്ചു.



ഇടത് സ്വതന്ത്രനായി നിലമ്പൂരിൽ വിജയിച്ച അൻവർ, മുഖ്യമന്ത്രി പിണറായി വിജയനോട് യുദ്ധം പ്രഖ്യാപിച്ചതിന് പിന്നാലെ എൽ.ഡി.എഫ്. സഹകരണം അവസാനിപ്പിച്ചിരുന്നു. സി.പി.എം. പാർലമെന്ററി പാർട്ടിയിൽനിന്ന് പുറത്താക്കിയ അൻവർ തമിഴ്നാട്ടിലെ ഭരണകക്ഷിയായ ഡി.എം.കെയിൽ ചേരാനാണ് ആദ്യം ശ്രമിച്ചത്. ഇതിനായി ഡെമോക്രാറ്റിക് മൂവ്മെന്റ് ഓഫ് കേരള എന്ന പേരിൽ സംഘടനയുണ്ടാക്കി. എന്നാൽ, സി.പി.എമ്മുമായി നല്ല ബന്ധം തുടരുന്ന ഡി.എം.കെ. അൻവറിനെ പാർട്ടിയിൽ എടുക്കാൻ തയ്യാറായില്ല.

പിന്നീട് ഡൽഹിയിലെത്തിയ അൻവർ തൃണമൂൽ നേതാക്കളുമായി ചർച്ച നടത്തി. തൃണമൂലിൽ ചേരാനുള്ള ശ്രമം വഴിമുട്ടിയെന്നും പിന്നാലെ ഡൽഹിയിൽ കോൺഗ്രസ് നേതാക്കളുമായി ചർച്ച നടത്തിയെന്നും ഉപതിരഞ്ഞെടുപ്പ് സമയത്ത് വാർത്തയുണ്ടായിരുന്നു. ഇത് കോൺഗ്രസ് നേതാക്കൾ തള്ളി.

നിലമ്പൂർ ഡി.എഫ്.ഒ. ഓഫീസ് ആക്രമിച്ച കേസിൽ ഒരുദിവസം ജയിലിൽ കിടന്ന് പുറത്തിറങ്ങിയ അൻവർ യു.ഡി.എഫുമായി സഹകരിക്കുമെന്ന് പരസ്യമായി പ്രഖ്യാപിച്ചു. എന്നാൽ, അൻവറിനെ യു.ഡി.എഫിൽ എടുക്കുന്ന കാര്യത്തിൽ തീരുമാനം നീളുന്നതിനിടെയാണ് ബംഗാളിലെത്തി തൃണമൂലിനൊപ്പം ചേരുന്നത്.

# ബോബി ചെമ്മണ്ണൂർ ജയിലിൽ തുടരും; ഹർജി ചൊവ്വാഴ്ചത്തേക്ക് മാറ്റി

കൊച്ചി: ലൈംഗിക അധിക്ഷേപ കേസിൽ റിമാൻഡിലുള്ള ബോബി ചെമ്മണ്ണൂർ ജയിലിൽ തുടരും. ജാമ്യാപേക്ഷ പരിഗണിക്കുന്നത് ഹൈക്കോടതി ചൊവ്വാഴ്ചത്തേക്ക് മാറ്റി.



അടിയന്തരമായി ഹർജി പരിഗണിക്കേണ്ട എന്ത് സാഹചര്യമാണ് ഉണ്ടായിരുന്നതെന്ന് കോടതി ചോദിച്ചു. പൊതു ഇടത്തിൽ സംസാരിക്കുമ്പോൾ കുറച്ചുകൂടി ശ്രദ്ധിക്കണമെന്നും കോടതി പറഞ്ഞു.

തനിക്കെതിരേ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ബോബി കോടതിയിൽ വാദിച്ചു. താൻ ഹാജരാക്കിയ രേഖകൾ മജിസ്ട്രേറ്റ് കോടതി പരിശോധിച്ചില്ലെന്നും വാദമുയർത്തിയിരുന്നു.

എന്നാൽ സർക്കാരിന് മറുപടി നൽകാൻ സമയം കൊടുക്കേണ്ടതുണ്ട്. അതുകൊണ്ട് ഹർജി ചൊവ്വാഴ്ചത്തേക്ക് മാറ്റുകയാണെന്ന് കോടതി അറിയിക്കുകയായിരുന്നു.

ഹണി റോസിനെ ലൈംഗികമായി അധിക്ഷേപിച്ച കേസിൽ എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി വ്യാഴാഴ്ചബോബിയുടെ ജാമ്യാപേക്ഷ തള്ളിയിരുന്നത്. ബോബിയെ 14 ദിവസത്തേക്കാണ് റിമാൻഡ് ചെയ്തിരുന്നത്. ഇതിന് പിന്നാലെയാണ് ബോബി ഹൈക്കോടതിയിൽ അപ്പീൽ നൽകിയത്.

## 13–ാം വയസ്സുമുതൽ പീഡനം

# പതിനെട്ടുകാരിയുടെ വെളിപ്പെടുത്തലിൽ 64 പേർക്കെതിരേ പോക്സോ കേസ്

പത്തനംതിട്ട: 13ാം വയസ്സുമുതൽ ലൈംഗിക പീഡനത്തിനിരയായെന്ന വെളിപ്പെടുത്തലുമായി പതിനെട്ടുകാരി. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 64 പേർ ലൈംഗികപീഡനത്തിനിരയാക്കിയെന്ന വിദ്യാർഥിനിയുടെ പരാതിയിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ശിശുക്ഷേമ സമിതിക്കു മുൻപാകെ പെൺകുട്ടി നടത്തിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നിലവിൽ 40 പേർക്കെതിരേ പോക്സോ കേസ് രജിസ്റ്റർ ചെയ്തു. ഒരു പെൺകുട്ടിയെ ഇത്രയധികംപേർ ലൈംഗിക ചൂഷണത്തിനിരയാക്കിയതായുള്ള സംഭവം അപൂർവമാണ്. കായികതാരമാണ് പെൺകുട്ടി. പരിശീലകരും കായികതാരങ്ങളും സഹപാഠികളും സമീപവാസികളും കുട്ടിയെ ലൈംഗികമായി ചൂഷണം ചെയ്തവരിൽ ഉൾപ്പെടുന്നുണ്ട്. നിലവിൽ രജിസ്റ്റർ ചെയ്ത രണ്ടുകേസുകളിലായി അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇലവുംതിട്ട സ്വദേശികളായ സന്ദീപ്,വിനീത്,സുബിൻ എന്നിവരുൾപ്പെടെ അഞ്ചുപേരാണ് അറസ്റ്റിലായത്. ഇവരെ റാന്നി കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. അച്ചു ആനന്ദ് എന്നൊരാൾക്കായി തിരച്ചിൽ നടത്തുന്നതായും പോലീസ് പറഞ്ഞു. മറ്റുള്ളവരുടെ പേരുവിവരങ്ങളും കുട്ടിയിൽ നിന്ന് അന്വേഷണ ഉദ്യോഗസ്ഥർ ശേഖരിച്ചിട്ടുണ്ട്. എല്ലാവർക്കുമെതിരെ പോക്സോ ചുമത്തിയാണ് കേസ് എടുത്തിട്ടുള്ളത്.പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന വകുപ്പും ചുമത്തും.

13 വയസുള്ളപ്പോൾ, 2019 മുതൽ പീഡനം ആരംഭിച്ചതായാണ് പെൺകുട്ടിയുടെ മൊഴി. ആൺസുഹൃത്ത് പീഡിപ്പിക്കുകയും പിന്നീട് സുഹൃത്തുക്കൾക്ക് കൈമാറുകയും ചെയ്തതായാണ് പ്രാഥമിക വിവരം. വിവാഹ വാഗ്ദാനം നൽകിയാണ് പെൺകുട്ടിയെ ആൺസുഹൃത്ത് ആദ്യം പീഡിപ്പിച്ചത്.

പെൺകുട്ടിയുടെ വീടിന് സമീപത്തെ തോട്ടത്തിലും പിന്നീട് വാഹനത്തിൽ കൊണ്ടുപോയി പലയിടത്തും വെച്ച് പീഡിപ്പിച്ചു. ഇതിനിടെ പെൺകുട്ടിയുടെ നഗ്നചിത്രവും വീഡിയോയും എടുത്ത പ്രതി അത് സുഹൃത്തുക്കളെ കാണിച്ചു. പിന്നീട് സുഹൃത്തുക്കൾക്കും പെൺകുട്ടിയെ പങ്കുവെച്ചതായാണ് പ്രാഥമിക വിവരം. മറ്റൊരു പീഡനക്കേസിൽ ഇപ്പോൾ ജയിലിൽ കഴിയുന്ന പ്രതിയും പെൺകുട്ടിയെ ലൈംഗികചൂഷണത്തിനിരയാക്കിയവരുടെ കൂട്ടത്തിലുണ്ട്. ഇയാളുടെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തും.

ലൈംഗിക ചൂഷണത്തിനെതിരേ ക്ലാസിൽ നൽകിയ കൗൺസിലിങ്ങിനിടെയാണ് പെൺകുട്ടി ദുരനുഭവം പങ്കുവെച്ചത്. തുടർന്ന് മഹിളാ സമാഖ്യ സൊസൈറ്റി വഴി സി.ഡബ്ല്യൂ.സിയിലേക്ക് എത്തുകയായിരുന്നു. സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ പെൺകുട്ടിയുടെ വിശദമായ വിവരങ്ങളും പീഡനം സംബന്ധിച്ച വിവരങ്ങളും ശേഖരിക്കാനായിരുന്നു ആദ്യഘട്ട ശ്രമം. തുടർന്ന് സൈക്കോളജിസ്റ്റ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേസ് എടുക്കാൻ സി.ഡബ്ല്യൂ.സി. പോലീസിന് നിർദേശം നൽകിയത്.

പീഡനകാലയളവിൽ പെൺകുട്ടിക്ക് ഫോൺ ഉണ്ടായിരുന്നില്ല. എന്നാൽ പിതാവിന്റെ ഫോൺ കുട്ടി ഉപയോഗിക്കാറുണ്ടായിരുന്നു. പീഡിപ്പിച്ചവരിൽ ചിലർ, പെൺകുട്ടിയുടെ അച്ഛന്റെ ഫോണിലേക്കാണ് വിളിച്ചിരുന്നത്. ഇതിൽ 32 പേരുടെ പേരുകൾ ഫോണിൽ സേവ് ചെയ്ത നിലയിൽ കണ്ടെത്തിയിട്ടുണ്ട്. പീഡനം നടന്ന കാലത്ത് കുട്ടിയുടെ നഗ്നദൃശ്യങ്ങൾ പുറത്തെത്തിയിരുന്നു. ആ ദൃശ്യങ്ങൾ കണ്ട ചിലരും പെൺകുട്ടിയുമായി അടുപ്പം സ്ഥാപിക്കുകയും പൊതുവിടത്തുവെച്ചും സ്കൂളിൽവെച്ചും വീട്ടിലെത്തിയും പീഡിപ്പിച്ചതായും പെൺകുട്ടിയുടെ മൊഴിയിലുണ്ട്.

വിശദമായ അന്വേഷണത്തിന് പ്രത്യേക സംഘത്തിന് രൂപം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്കാണ് അന്വേഷണത്തിന്റെ മേൽനോട്ടച്ചുമതല. ആദ്യഘട്ടത്തിൽ പത്തനംതിട്ട സ്റ്റേഷനിലും മറ്റൊരു സ്റ്റേഷനിലുമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിനു പുറമേ, പെൺകുട്ടിയെ കൊണ്ടുപോയി പീഡിപ്പിച്ചയിടങ്ങളിലെ സ്റ്റേഷനുകളിലും കേസ് രജിസ്റ്റർ ചെയ്യും.

## അൽ മുക്താദിർ ജ്വലറിയിലെ റെയ്ഡ്

# 380 കോടിയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി

തിരുവനന്തപുരം: അൽ മുക്താദിർ ജ്വലറികളിൽ നടന്ന ആദായ നികുതി വകുപ്പിന്റെ റെയ്ഡിൽ കേരളത്തിൽ മാത്രം 380 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി. വിദേശത്തേക്ക് 50 കോടി കടത്തിയെന്നും കണ്ടെത്തിയിട്ടുണ്ട്.

സ്വർണം നേരത്തേ ബുക്ക് ചെയ്യാമെന്ന് പറഞ്ഞുകൊണ്ട് മണി ചെയിൻ മാതൃകയിൽ കോടിക്കണക്കിന് രൂപ ഇവർ ശേഖരിച്ചിരുന്നു. ഇത് പിന്നീട് വ്യക്തി അധിഷ്ഠിത കാര്യങ്ങൾക്ക് വേണ്ടി വക മാറ്റിയിട്ടുണ്ടെന്നും കണ്ടെത്തി.

അൽ മുക്താദിർ ജ്വലറിയും മുംബൈയിലെ ഒരു ഗോൾഡ് പർച്ചേസിംഗ് സ്ഥാപനമായ യുണീക്ക് ചെയിനുമായി ഇടപാടുകൾ നടന്നിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നടത്തിയ റെയ്ഡിലും 400 കോടിയുടെ തിരിമറി കണ്ടെത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് ദിവസമായി കേരളത്തിലും മുംബൈയിലും അടക്കം അൽ മുക്താദിറിന്റെ സ്ഥാപനങ്ങളിൽ റെയ്ഡ് തുടരുകയായിരുന്നു. സംസ്ഥാനത്ത് 30 കടകളിലാണ് പരിശോധന നടത്തിയത്.



# വിദ്യാസമുന്നതി : മെരിറ്റ് സ്കോളർഷിപ്പ്

കേരളത്തിലെ മുന്നാക്ക (സംവരണേതര) സമുദായങ്ങളിൽപ്പെടുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉൾപ്പെടുന്നവരുമായ വിദ്യർഥികൾക്ക് വിദ്യാഭ്യാസ ധനസഹായമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ സമുന്നതി മുഖേന നടപ്പിലാക്കി വരുന്ന 'വിദ്യാസമുന്നതി' മെരിറ്റ് സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും 2024-25 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. ഹൈസ്കൂൾ, ഹയർസെക്കൻഡറി, ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ബിരുദം, ബിരുദാനന്തര ബിരുദം, സിഎ/ സി.എം.എ/ സി.എസ്, ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിലെ ബിരുദം/ ബിരുദാനന്തര ബിരുദം, ഗവേഷണ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് (പിഎച്ച്.ഡി) എന്നീ വിഭാഗങ്ങളിലേക്കാണ് സ്കോളർഷിപ്പുകൾ ലഭ്യമാകുന്നത്.ഇതോടൊപ്പം വിവിധ മത്സര പരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായം അനുവദിക്കുന്ന വിദ്യാസമുന്നതി കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതി (2024 25) യിലേക്കും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്കും, ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും ഠഠഠ.സമെരളര.ീൃഴ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജനുവരി 20 ആണ്.

## മുഖ്യമന്ത്രി ആരെന്നതിൽ അനവസരത്തിൽ ചർച്ച വേണ്ട: എ.കെ.ആൻറണി

തിരുവനന്തപുരം: കോൺഗ്രസിലെ മുഖ്യമന്ത്രിസ്ഥാന ചർച്ചയ്ക്കെതിരേ എ.കെ.ആൻറണി. തദ്ദേശ തെരഞ്ഞെടുപ്പ് മാത്രമാകണം ഇപ്പോഴത്തെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ദിരാഭവനിൽ നടന്ന കെപിസിസിയുടെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എടുത്ത് ചാടരുത്. 2026 അവിടെ നിൽക്കട്ടെ. കാര്യങ്ങൾ ഹൈക്കമാൻഡുമായി കൂടിയാലോചിച്ച് കെപിസിസിക്ക് തീരുമാനിക്കാം.

നിയമസഭ തെരഞ്ഞെടുപ്പ് ചർച്ച പിന്നെ മതി. അനവസരത്തിലെ ചർച്ച ഇപ്പോൾ വേണ്ട. നേതാക്കൾക്ക് തന്റെ ഉപദേശം വേണമെങ്കിൽ സ്വീകരിക്കാം, അല്ലെങ്കിൽ തള്ളിക്കളയാമെന്നും അദ്ദേഹം വ്യക്തമാക്കി.

## പാലക്കാട്ട് കാട്ടാനക്കൂട്ടമിറങ്ങി കൃഷി നശിപ്പിച്ചു

പാലക്കാട്: പുതുശേരിയിൽ ജനവാസമേഖലയിൽ കാട്ടാനക്കൂട്ടമിറങ്ങി. ചുള്ളിമടയിലാണ് കാട്ടാനക്കൂട്ടമിറങ്ങിയത്. ഇന്ന് പുലർച്ചെയോടെയാണ് 14 ആനകൾ മേഖലയിലെത്തിയത്.

ആനകൾ കൊങ്ങൻപാടം ശങ്കരന്റെ ഒരേക്കർ കൃഷി നശിപ്പിച്ചു. പിന്നീട് വനം വകുപ്പ് ഉദ്യോഗസ്ഥർ പട്ടക്കം പൊട്ടിച്ച് ആനകളെ കാട്ടിലേക്ക് മടക്കി.

കഴിഞ്ഞ മാസവും ആനകൾ മേഖലയിൽ ഇറങ്ങിയിരുന്നു.

## പ്രതികളെ മാല ഇട്ട് സ്വീകരിക്കുന്നതിൽ എന്താണ് തെറ്റ്: എം.വി.ഗോവിന്ദൻ

കണ്ണൂർ: പെരിയ കേസിൽ സിബിഐയുടെ രാഷ്ട്രീയ പ്രേരിതനീക്കണമാണ് പ്രതികളുടെ ശിക്ഷ മരവിപ്പിച്ച ഹൈക്കോടതി നടപടിയെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. പ്രതികളെ മാല ഇട്ട് സ്വീകരിക്കുന്നതിൽ എന്താണ് തെറ്റെന്ന് ഗോവിന്ദൻ ചോദിച്ചു.

ഇത് ശരിയായ സന്ദേശം തന്നെയാണ്. ജനങ്ങൾ തങ്ങളെ പിന്തുണയ്ക്കുമെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു. പെരിയ കേസിലെ നാല് പ്രതികൾ ജയിൽ മോചിതരായതിന് പിന്നാലെയാണ് പ്രതികരണം.

മുൻ എംഎൽഎ കെ.വി.കുഞ്ഞിരാമൻ, മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നീ പ്രതികളാണ് പുറത്തിറങ്ങിയത്. ജയിലിന് പുറത്ത് കണ്ണൂരിലെ സിപിഎം നേതാക്കൾ വൻ സ്വീകരണമാണ് ഒരുക്കിയത്. രക്തഹാരമണിയിച്ചും വലിയ ആരവങ്ങളോടെയുമാണ് നാല് പേരെയും പാർട്ടി സ്വീകരിച്ചത്.

## മെത്താഫിറ്റമിൻ കടത്തിയ കേസ്; യുവാവിന് ഒരു വർഷം തടവും പിഴയും

മാനന്തവാടി: മെത്താഫിറ്റമിൻ കടത്തിയ കേസിൽ യുവാവിന് ഒരു വർഷം തടവും ഒരു ലക്ഷം രൂപ പിഴയും. മലപ്പുറം തിരൂരങ്ങാടി കച്ചേരിപ്പടി കണ്ണാട്ടിപ്പടി അവുഞ്ഞിക്കാടൻ ഷിബിനെ (24) ആണ് കോടതി ശിക്ഷിച്ചത്.

ഒരു വർഷം തടവിന് പുറമെ പിഴ അടച്ചില്ലെങ്കിൽ മൂന്ന് മാസം കൂടി ഇയാൾ അധികമായി തടവുശിക്ഷ അനുഭവിക്കണം. കൽപ്പറ്റ അഡ്ഹോക്ക്-രണ്ട് കോടതി ജഡ്ജ് വി. അനസ് ആണ് ശിക്ഷ വിധിച്ചത്.

മാനന്തവാടി എക്സൈസ് റെയിഞ്ച് ഓഫീസിൽ നാല് വർഷം മുമ്പ് രജിസ്റ്റർ ചെയ്ത കേസിലാണ് ശിക്ഷ വിധിച്ചത്. മാനന്തവാടി എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടർ ആയിരുന്ന ടി. ഷറഫുദ്ദീനും സംഘവുമാണ് ഷിബിനെ മെത്താഫിറ്റമിനുമായി പിടികൂടിയത്.

## ജനങ്ങളുടെ സ്വൈര്യജീവിതത്തിനു ഭീഷണി; യുവാക്കളെ കാപ്പ ചുമത്തി നാടുകടത്തി

ഇടുക്കി: യുവാക്കൾക്കെതിരെ കാപ്പ ചുമത്തി. തൊടുപുഴ കരിങ്കുന്നം തട്ടാരത്തട്ട, തന്നിട്ടാംപാറ സ്വദേശി പടിക്കാച്ചികുന്നേൽ നന്ദു (21), തൊടുപുഴ, കാരിക്കോട്ചു ക്കുംപാറ സ്വദേശി പള്ളിപ്പറമ്പിൽ സാംസൺ പീറ്റർ (21) എന്നിവരെ ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ അധികാര പരിധിയിൽ പ്രവേശിക്കുന്നതിൽ നിന്നും ഒരു വർഷത്തേക്ക് വിലക്കിയത്.

തൊടുപുഴ മ്രാല കാട്ടോലി സ്വദേശി ചങ്ങലത്ത് ആദർശ് (27) നെ ആറു മാസത്തേയ്ക്കുമാണ് കാപ്പ ചുമത്തിയത്. ഇവർ ജില്ലയിൽ വിവിധ ഇടങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് പൊതു ജനങ്ങളുടെ സൈ്വര്യജീവിതത്തിനും ശാന്തിക്കും ഭീഷണിയായി പ്രവർത്തിച്ചതിനാൽ ഇത് തുടരാതിരിക്കാനാണ് നടപടിയെന്ന് പോലീസ് അറിയിച്ചു.

ജില്ലയിൽ പതിവായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ പോലീസ് നിരീക്ഷിച്ചുവരികയാണ്. ഇത്തരക്കാർക്കെതിരെ കാപ്പാ നിയമപ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും പോലീസ് പറഞ്ഞു.

## വാക്ക് ഇൻ ഇന്റർവ്യൂ

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വിഭാഗങ്ങളിലായി (ജനറൽ മെഡിസിൻ, ഒ.ബി.ജി, റേഡിയോ ഡയഗ്നോസിസ്, ഒഫ്താൽമോളജി, ജനറൽ സർജറി, സൈക്യാട്രി, എമർജൻസി മെഡിസിൻ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, കാർഡിയോളജി) സീനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കരാർ നിയമനത്തിനായി ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം 73,500 രൂപ ഏകീകൃത ശമ്പളത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. എം.ബി.ബി.എസ് ബിരുദവും MD/MS/DNB/DM യും TCMC/കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് പങ്കെടുക്കാം. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ജനുവരി 24ന് രാവിലെ 11 ന് കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം.

# ശക്തമായ ഭരണസംവിധാനവും പ്രൊഫഷണലുകളും നഗരാസൂത്രണത്തിന് നിർണായകമെന്ന് വിദഗ്ധർ

തിരുവനന്തപുരം: അത്യാധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിൽ വൈദഗ്ധ്യമുള്ള നഗരാസൂത്രകരടങ്ങുന്ന പ്രാദേശിക ഭരണസംവിധാനത്തിന് രാജ്യത്തിന്റെ നഗര പദ്ധതികളിൽ ഗണ്യമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. നഗരാസൂത്രണ മേഖലയിൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിയ അവർ വ്യത്യസ്തമായി ചിന്തിച്ച് കാലാനുസൃതമായ മാറ്റങ്ങൾ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു.

ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യ (ഐടിപിഐ) തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് നടത്തുന്ന 73-ാമത് നാഷണൽ ടൗൺ ആൻഡ് കൺട്രി പ്ലാനേഴ്സ് സമ്മേളനത്തിൽ 'ഇൻറലിജൻറ്, ഡിജിറ്റൽ സ്പേഷ്യൽ പ്ലാനിംഗ് ആൻഡ് ഗവേണൻസ്' എന്ന വിഷയത്തിൽ നടന്ന പ്ലീനറി സെഷനിൽ സംസാരിക്കുകയായിരുന്നു അവർ.

ഇന്ന് ഏറ്റവും പ്രാധാന്യമുള്ള വ്യക്തികളാണ് നഗരാസൂത്രകരെന്നും മാറ്റങ്ങൾ കൊണ്ടുവരാൻ കഴിവുള്ള പ്രൊഫഷണലുകളെ മേഖലയിൽ കൂടുതൽ ഉൾപ്പെടുത്തണമെന്നും സബർമതി റിവർ ഫ്രണ്ട് കോർപ്പറേഷൻ ലിമിറ്റഡ് (എസ്ആർഎഫ്ഡിസിഎൽ) ചെയർമാൻ കേശവ് വർമ്മ പറഞ്ഞു. വീഡിയോ കോൺഫറൻസിങ് വഴിയാണ് അദ്ദേഹം ചർച്ചയിൽ സംസാരിച്ചത്. ഇച്ഛാശക്തിയുള്ള പ്രാദേശിക ഭരണവും നഗരാസൂത്രണത്തിന് അർപ്പണബോധമുള്ള പ്രൊഫഷണലുകളും ആവശ്യമാണ്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇക്കാര്യത്തിൽ മുൻപന്തിയിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

എഐ, മെഷീൻ ലേണിംഗ്, ഓപ്പൺ എഐ തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളുടെ കടന്നുവരവ് രാജ്യത്തെ ജിയോ-സ്പേഷ്യൽ ആവാസവ്യവസ്ഥയെ മാറ്റിമറിച്ചതായി നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ (എൻഐസി) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ വി. ഉദയ് കുമാർ പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഗ്രാമ പ്രദേശങ്ങളുടെ സർവേയ്ക്കായുള്ള സ്വാമിത്വ, നക്ഷ പോലുള്ള വിപ്ലവകരമായ പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പാക്കിയതായി അദ്ദേഹം പറഞ്ഞു. ആഗോള ജിയോ-സ്പേഷ്യൽ മാനദണ്ഡപ്രകാരം രൂപകൽപന ചെയ്തിട്ടുള്ള രാജ്യത്തെ കൃത്യമായ മാപ്പുകൾ, ഉപഗ്രഹ ചിത്രങ്ങൾ, ഹൈബ്രിഡ് മാപ്പുകൾ എന്നിവ ഉൾക്കൊള്ളുന്ന മൾട്ടി-ലേയർഡ് ജിഐഎസ് പ്ലാറ്റ് ഫോമാണ് ഭാരത് മാപ്സ്. എളുപ്പവും കാര്യക്ഷമവും ചെലവ് കുറഞ്ഞതുമായ ഭരണ നിർവഹണം ഉറപ്പാക്കുന്ന ഡിജിറ്റൽ ഇന്ത്യ പരിപാടിയുടെ ഘടകമാണിതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

2035 ആകുമ്പോൾ രാജ്യത്തെ പ്രധാന നഗരങ്ങളിലെ ഭൂഗർഭ നിർമ്മാണങ്ങളുടെ സർവേയും മാപ്പിംഗും പുതിയ ജിയോ-സ്പേഷ്യൽ നയത്തിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായും ഇത് ഇന്ത്യയിലെ വൻകിട നഗരങ്ങളെയും പട്ടണങ്ങളെയും സാങ്കേതികമായി ബന്ധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്താകമാനം കൃത്യതയുള്ള ഡിജിറ്റൽ എലവേഷൻ മോഡൽ (ഡിഇഎം) നടപ്പാക്കുന്നതും 2030 ഓടെ സമഗ്രമായ ഡാറ്റയും വിവരങ്ങളും അടിസ്ഥാനമാക്കിയുള്ള ജിയോ-സ്പേഷ്യൽ നോളജ് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുക എന്നതും നയത്തിലൂടെ ലക്ഷ്യമിടുന്നു.

നഗരങ്ങളും സമ്പദ്ഘടനയും രൂപാന്തരപ്പെടുത്തുന്നതിൽ ഡിജിറ്റൽ സമ്പദ് വ്യവസ്ഥ നിർണായക പങ്ക് വഹിക്കുന്നതായി വിജയവാഡ സ്കൂൾ ഓഫ് പ്ലാനിംഗ് ആൻഡ് ആർക്കിടെക്ചറിലെ പ്ലാനിംഗ് ഡിപാർട്മെൻറ് പ്രൊഫസർ ഡോ. അബ്ദുൾ റസാഖ് മുഹമ്മദ് പറഞ്ഞു. എച്ച്സിപി ഡിസൈൻ ചെയർമാനും അഹമ്മദാബാദിലെ സിഇപിടി യൂണിവേഴ്സിറ്റി മുൻ പ്രസിഡൻറുമായ ഡോ. ബിമൽ പട്ടേൽ, അഹമ്മദാബാദ് സിഇപിടി യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ശാശ്വത് ബന്ദ്യോപാധ്യായ, കൊച്ചിയിലെ സെൻറർ ഫോർ എൻവയോൺമെൻറൽ എഫിഷ്യൻസി സ്ഥാപക ട്രസ്റ്റിയും ചീഫ് പ്ലാനറുമായ ഡോ. മേയ് മാത്യു തുടങ്ങിയവർ സംസാരിച്ചു.

## ഫോറസ്റ്റ് ഓഫീസ് തകർത്ത കേസ്: ഇ. എ. സുകുവിന് ജാമ്യം

മലപ്പുറം: നിലമ്പൂർ ഡിഎഫ്ഒ ഓഫീസ് ആക്രമിച്ച സംഭവത്തിൽ അറസ്റ്റിലായ ഡിഎംകെ നേതാവ് ഇ. എ. സുകു ഉൾപ്പടെയുള്ളവർക്ക് ജാമ്യം. നിലമ്പൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചത്. കാട്ടാനയാക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടതിനു പിന്നാലെ ഡിഎംകെ നടത്തിയ മാർച്ചിൽ ഡിഎഫ്ഒ ഓഫീസ് ആക്രമിച്ചിരുന്നു. സംഭവത്തിൽ പി. വി. അൻവർ എംഎൽഎയെയും പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

അൻവറിന് ജാമ്യം കിട്ടിയതിന് പിന്നാലെ സുകു ഉൾപ്പടെ നാല് ഡിഎംകെ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഡിഎഫ്ഒ ഓഫീസ് ആക്രമിച്ച കേസിൽ അൻവർ ഉൾപ്പടെ 11 പ്രതികളാണുള്ളത്.

## ബോബി ചെമ്മണ്ണൂരിനെ ജയിലിലേക്ക് മാറ്റും; പ്രതിഷേധിച്ച് ബോചെ ഫാൻസ്

കൊച്ചി: റിമാൻഡിലായ ബോബി ചെമ്മണ്ണൂരിനെ വൈദ്യ പരിശോധനയ്ക്ക് എത്തിച്ച ആശുപത്രിയിൽ നാടകീയ രംഗങ്ങൾ. എറണാകുളം ജനറൽ ആശുപത്രിയിൽ വൈദ്യ പരിശോധന പൂർത്തിയാക്കി ബോബിയെ കാക്കനാട്ടെ ജയിലിലേക്ക് മാറ്റാൻ ശ്രമിക്കുന്നതിനിടെ ഒരു സംഘം പോലീസ് വാഹനം തടയുകയായിരുന്നു.

തുടർന്ന് കൂടുതൽ പോലീസെത്തി പ്രതിഷേധക്കാരെ നീക്കി. പോലീസിന്റെ ഗുണ്ടായിസമാണ് ആശുപത്രിയിലും പുറത്തും നടന്നതെന്നും ശരിക്കും പരിശോധന നടത്തിയിട്ടില്ലെന്നും പ്രതിഭാഗം അഭിഭാഷകൻ ആരോപിച്ചു. നെഞ്ചുവേദന ഉണ്ടെന്ന് പറഞ്ഞിട്ടും കൃത്യമായി പരിശോധന നടന്നില്ലെന്നും പ്രതിഭാഗം അഭിഭാഷകൻ ശ്രീകാന്ത് പറഞ്ഞു.

അതേസമയം ബോബിയുടെ ആരോഗ്യനില തൃപ്തികരമാണെന്നും എക്സറേ, ഇസിജി, ഓക്സിജൻ ലെവൽ, ബ്ലഡ് പ്രഷർ എന്നിവ സാധാരണ നിലയിലായണെന്നും പരിശോധിച്ച ഡോക്ടർമാർ അറിയിച്ചു. ജാമ്യ ഉത്തരവ് വായിച്ചു തുടങ്ങിയപ്പോഴാണ് ബോബിക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത്.

## പനയംപാടം, നാട്ടിക അപകടങ്ങൾ; മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: പനയംപാടം അപകടത്തിൽ മരിച്ച നാല് വിദ്യാർഥിനികളുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണരായി വിജയൻ.

നാട്ടിക ദേശീയ പാതയിൽ ഉറങ്ങിക്കിടന്നവരുടെ മേൽ തടിലോറി പാഞ്ഞുകയറി ഉണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും ദുരിതാശ്വാസനിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം മുഖ്യമന്ത്രി അനുവദിച്ചു.

പനയംപാടത്ത് സ്കൂൾ വിട്ട് തിരികെ വരുന്നതിനിടെ ചരക്ക് ലോറി മറിഞ്ഞ് നാല് വിദ്യാർഥിനികളാണ് മരിച്ചത്. ഇർഫാന ഷെറിൻ, റിദ ഫാത്തിമ, നിദ ഫാത്തിമ , ഐഷ എന്നിവരാണ് മരിച്ചത്.

കാളിയപ്പൻ, നാഗമ്മ, ബംഗാരി എന്ന രാജേശ്വരി, വിശ്വ, ജീവൻ എന്നിവരാണ് നാട്ടിക അപകടത്തിൽ മരിച്ചവർ. റോഡിന്റെ വശത്ത് ഉറങ്ങിക്കിടന്ന് ഇവർക്കു മുകളിലേക്ക് തടിലോറി പാഞ്ഞുകയറുകയായിരുന്നു.

## കാലടിയിൽ ബൈക്കപകടത്തിൽ യുവാവ് മരിച്ചു

കാലടി: കൈപ്പട്ടൂർ ഇഞ്ചക്ക കവലയ്ക്ക് സമീപം ഉണ്ടായ ബൈക്ക് അപകടത്തിൽ യുവാവിന് ദാരുണാന്ത്യം. മാണിക്കമംഗലം കളരിക്കൽ അനിൽ കുമാർ (23) ആണ് മരിച്ചത്.

മാണിക്കമംഗലം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിനും നാടൻ പാട്ടുസംഘത്തിന്റെ നാടൻ പാട്ടുകൾക്കും ശേഷം മറ്റൂർ പോയി തിരികെ വരുംവഴി ഇഞ്ചക്ക കവല കഴിഞ്ഞുള്ള വളവിലാണ് അപകടം. സുഹൃത്തിനോടൊപ്പം യാത്ര ചെയ്യവെ ഇരുചക്ര വാഹനം തെന്നി മറിഞ്ഞാണ് അപകടമുണ്ടായത്.

അപകടത്തിൽ അനിൽ കാനയിലേക്ക് തെറിച്ചു വീണു. സുഹൃത്ത് ശരത്തിനും പരിക്കേറ്റു. ഇതുവഴി വന്നവരാണ് വഴിയിൽ കിടന്നവരെ ആശുപത്രിയിലെത്തിച്ചത്. ഇന്ന് രാവിലെയാണ് അനിൽ മരിച്ചത്.

## ബി.ഫാം (ലാറ്ററൽ എൻട്രി) : അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിന്റെ പ്രവേശനത്തിനായി ജനുവരി 5ന് നടത്തിയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സെറ്റായ ഠഠഠ.രലല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് 'ആ.ുവമൃാ (ഘ.ഋ) 2024 ഇമിറശറമലേ ജീൃമേഹ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് റാങ്ക് പരിശോധിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## കേരള മാരിടൈം ബോർഡ് സംരംഭക യോഗം

കേരള മാരിടൈം ബോർഡിനു കീഴിലുള്ള കോഴിക്കോട് ബീച്ച് ഏരിയയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താത്പര്യമുള്ള സംരംഭകരിൽ നിന്ന് താത്പര്യപത്രവും ടെൻഡറും ക്ഷണിച്ചിരുന്നു. ടൂറിസം/ഇൻഫ്രാസ്ട്രക്ചർ/വാണിജ്യം/മറൈൻ/എന്നീ മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ചു ജനുവരി 15ന് സംരംഭകരുമായി കേരള മാരിടൈം ബോർഡ് കോഴിക്കോട് യോഗം ചേരുന്നു. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും കേരള മാരിടൈം ബോർഡിന്റെ വെബ്സൈറ്റ് (https://kmb.kerala.gov.in) സന്ദർശിക്കണം. കൂടുതൽ വിവരങ്ങൾക്ക്: kmb.kerala@gmail.com, 9544410029.

## നിയമസഭാ പുസ്തകോത്സവം: ക്വിസ് മത്സര വിജയികൾ

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി കണ്ണൂർ, കോഴിക്കോട്, എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നിങ്ങനെ അഞ്ച് മേഖലാതലങ്ങളിലെ പ്രാഥമിക മത്സരങ്ങളിൽ നിന്നുമായി തെരഞ്ഞെടുത്ത സ്കൂൾ വിദ്യാർഥികൾക്കായി നിയമസഭ മന്ദിരത്തിൽ സെമി/ ഫൈനൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ചു.

തിരുവനന്തപുരം ജില്ലയിലെ ഗവ. ഇളമ്പ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളായ നിള രാജു, സാധിക ഡി.എസ് എന്നിവർ ഒന്നാം സ്ഥാനവും മടവൂർ എൻ.എസ്.എസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളായ അനന്യ പി.എസ്, ആദിദേവ് പി.എസ് എന്നിവർ രണ്ടാം സ്ഥാനവും പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളായ നിരഞ്ജൻ വി, അർജുൻ എസ്. കുമാർ എന്നിവർ മൂന്നാം സ്ഥാനവും നേടി. വിജയികൾക്കുള്ള മെമന്റോ, ക്യാഷ് അവാർഡ്, ബുക്ക് കൂപ്പൺ എന്നിവ ഐ.ബി സതീഷ് എം.എൽ.എ, നിയമസഭാ സെക്രട്ടറി ഡോ.എൻ. കൃഷ്ണകുമാർ, മുൻ എം.എൽ.എ ശബരീനാഥൻ എന്നിവർ വിതരണം ചെയ്തു.

## അനധികൃത ചികിത്സകരിൽ നിന്നും ചികിത്സ തേടരുത്

അംഗീകൃത യോഗ്യതയോ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ രജിസദ്രേഷനോ ഇല്ലാതെ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചില വ്യക്തികൾ അനധികൃത ചികിത്സ നടത്തുന്നതായി കൗൺസിൽ ഫോർ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ കണ്ടെത്തുകയുണ്ടായി. പൊതുജനങ്ങൾ ഇത്തരം അനധികൃത ചികിത്സകരിൽ നിന്നും ചികിത്സ തേടാതിരിക്കാൻ ജാഗ്രത പാലിക്കണമെന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ അറിയിച്ചു.

## കാഴ്ച പരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിൽ ഒഴിവുകൾ

തിരുവനന്തപുരം വഴുതക്കാട് കാഴ്ച പരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിൽ കുക്ക് ഒഴിവിലേക്കു ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ജനുവരി 13ന് രാവിലെ 10 മുതൽ അഭിമുഖം നടത്തും. ഒരു ഒഴിവാണ് നിലവിലുള്ളത്. ഉദ്യോഗാർഥികൾ അന്ന് രാവിലെ 10ന് ബയോഡാറ്റയും മുൻപരിചയവും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവയുമായി സ്കൂൾ ഓഫീസിൽ ഹാജരാകണം.

## മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് ജനുവരി 13ന് രാവിലെ 11.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റ് പരിസരത്ത് ഫ്ലാഗ്ഓഫ് ചെയ്യും.

സാമ്പിൾ ശേഖരണം, ദ്രുതഗതിയിലുള്ള രോഗനിർണയം, കോൾഡ് ചെയിൻ സാഹചര്യങ്ങളിൽ സാമ്പിളുകൾ കൂടുതൽ പഠനങ്ങൾക്കായി എത്തിക്കൽ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങളും അവ കൈകാര്യം ചെയ്യാൻ വൈദഗ്ധ്യമുള്ള സംഘവും യൂണിറ്റിന്റെ ഭാഗമാണ്.

വൈറൽ രോഗങ്ങളും മറ്റു പകർച്ചവ്യാധികളും ഉണ്ടാകുമ്പോൾ രോഗബാധിത സ്ഥലങ്ങളിൽ നിന്ന് സാമ്പിൾ ശേഖരണം ക്രമീകരിക്കുന്നതിനും ഉചിതമായ സാഹചര്യങ്ങളിൽ സാമ്പിളുകൾ പരിശോധനാ സൗകര്യത്തിലേക്ക് മാറ്റുന്നതിനും യൂണിറ്റ് സഹായകരമാകും. സാമ്പിൾ ശേഖരണത്തിനും പരിശോധനയ്ക്കും ഇടയിലുള്ള സമയം കുറയ്ക്കുന്നതിനും വേഗത്തിലുള്ള രോഗനിർണയം സാധ്യമാക്കുന്നതിനും സാധിക്കും. സാമ്പിൾ അപചയസാധ്യത കുറയ്ക്കുന്നതിനും രോഗം നിയന്ത്രിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സഹായിക്കും.

ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റിലെ ദ്രുത രോഗനിർണയ പരിശോധനകൾ വഴി പ്രാഥമിക ഫലം വേഗം ലഭിക്കും. ആധുനിക ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മൊബൈൽ യൂണിറ്റ് വഴി ദ്രുതപ്രതികരണം, പരിശോധന, നിർണായക മെഡിക്കൽ ഇടപെടലുകൾ എന്നിവ ഉറപ്പാക്കാനാവും. മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും

## 2500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ജനുവരി 14ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/08/2025ഫിൻ. തിയതി 09.01.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക

## നാഷണൽ അപ്രന്റിസ്ഷിപ്പ് മേള സംഘടിപ്പിക്കും

നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയവും സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലാ ആർ.ഐ സെന്ററും സംയുക്തമായി ജനുവരി 13ന് ചാക്ക ഐ.ടി.ഐ കോമ്പൗണ്ടിൽ വച്ച് നാഷണൽ അപ്രന്റിസ്ഷിപ്പ് മേള സംഘടിപ്പിക്കുന്നു. ജില്ലയിലെ കേന്ദ്ര- സംസ്ഥാന സർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങളിലേക്ക് എൻജിനിയറിംഗ്/ നോൺ എൻജിനിയറിംഗ് ട്രേഡുകളിൽ ഐ.ടി.ഐ യോഗ്യതയുള്ളവരെ അപ്രന്റീസായി തിരഞ്ഞെടുക്കും. രജിസ്ട്രേഷൻ ജനുവരി 13ന് രാവിലെ 8.30ന് ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9995094855, 9072895134 നമ്പറുകളിൽ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിച്ചു

ധനകാര്യ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്വതന്ത്ര ഗവേഷണ സ്ഥാപനമായ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ മൂന്ന് മാസത്തേക്ക് റിസർച്ച് അസോസിയേറ്റുകളെ തിരഞ്ഞെടുക്കുന്നു. മാസശമ്പളം 25,000 രൂപ. ഫീൽഡ് വിസിറ്റ് സമയത്തുള്ള താമസം, ഡി.എ, ടി.എ എന്നിവ പ്രത്യേകം അനവദിക്കും. വിശദ വിവരങ്ങൾക്ക് : ജനുവരി 20ന് വൈകിട്ട് 5 മണി വരെ അപേക്ഷ സ്വീകരിക്കും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ. ഐടിഐയിൽ ഒഴിവുള്ള പവർ ഇലക്ട്രോണിക്സ് സിസ്റ്റം ടെക്നിഷ്യൻ ട്രേഡിൽ ഒസി വിഭാഗത്തിൽ നിന്നും ഇലക്ട്രോണിക്സ് മെക്കാനിക്ക് ട്രേഡിൽ എസ്ടി വിഭാഗത്തിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കും. അഭിമുഖം സംബന്ധിച്ച വിവരം www.cstaricalcutta.gov.ശിൽ ലഭ്യമാണ്. യോഗ്യത തെളിയിക്കുന്ന അസൽ രേഖകളും പകർപ്പുകളുമായി ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം.

# ലോസ് ആഞ്ചലസിലെ കാട്ടുതീ ശമിക്കുന്നില്ല; ഏറ്റവും വിനാശകരമെന്ന് ബൈഡൻ

ലോസ് ആഞ്ചലസ്: അമേരിക്കയിലെ ലോസ് ആഞ്ചലസ് നഗരത്തിൽ പടരുന്ന കാട്ടുതീക്കു ശമനമില്ല. അമേരിക്കൻ സിനിമാ വ്യവസായത്തിന്റെ കേന്ദ്രമായ ഹോളിവുഡിലേക്കും തീ വ്യാപിക്കുന്നതായാണു റിപ്പോർട്ട്.

ചൊവ്വാഴ്ചയാണ് ലോസ് ആഞ്ചലസ് കൗണ്ടിയുടെ പല ഭാഗങ്ങളിലായി കാട്ടുതീ വ്യാപിക്കാൻ തുടങ്ങിയത്. അഞ്ചു പേർ മരിക്കുകയും വീടുകളടക്കം നൂറുകണക്കിനു കെട്ടിടങ്ങൾ ചാമ്പലാവുകയും ചെയ്തു. ഒരു ലക്ഷത്തിലധികം പേരോട് ഒഴിഞ്ഞുപോകാൻ നിർദേശിച്ചു. വരണ്ട കാലാവസ്ഥയും കൊടുങ്കാറ്റിനു സമാനമായ കാറ്റും മൂലം കാട്ടുതീ അണയ്ക്കാൻ കഴിന്നില്ലെന്ന് അഗ്നിശമന സേന അറിയിച്ചു.

ലോസ് ആഞ്ചലസിന്റെ കേന്ദ്രഭാഗത്തുള്ള ഹോളിവുഡ് ഹിൽസിൽ ആരംഭിച്ച കാട്ടുതീ അത്ര വലുതല്ലെന്നാണു റിപ്പോർട്ട്. എന്നാൽ, ഹോളിവുഡ് ഹിൽസിനു തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന സിനിമാ വ്യവസായ കേന്ദ്രമായ ഹോളിവുഡിലുള്ളവരോട് മുൻകരുതലെന്ന നിലയിൽ ഒഴിഞ്ഞുപോകാൻ നിർദേശം നല്കി.

ലോസ് ആഞ്ചലസിൽ ഉണ്ടായത് കാലിഫോർണിയയുടെ ചരിത്രത്തിലെ ഏറ്റവും വിനാശകരമായ തീപിടിത്തമാണെന്നാണ് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ പറഞ്ഞത്. സംസ്ഥാനത്തെ സഹായിക്കാൻ അധിക ഫെഡറൽ ഫണ്ടുകളും വിഭവങ്ങളും അദ്ദേഹം വാഗ്ദാനം ചെയ്തു.

വൈറ്റ് ഹൗസിൽ മുതിർന്ന ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം വിളിച്ചുകൂട്ടി സ്ഥിതിഗതികൾ വിലയിരുത്തി. കാലിഫോർണിയയിലെ കാട്ടുതീ ദുരന്തത്തെ മഹാ ദുരന്തമായി പ്രഖ്യാപിച്ചു. ലൊസാഞ്ചലസിലെ ആളുകൾ ഒരു പേടിസ്വപ്നത്തിലൂടെയാണ് ജീവിക്കുന്നത് എന്നും അഗ്നിശമന സേനാംഗങ്ങളെ ഹീറോകൾ എന്ന് വാഴ്ത്തുന്നതായും ബൈഡൻ പറഞ്ഞു.

# ഗപ്റ്റിൽ കളമൊഴിഞ്ഞു; അപ്രതീക്ഷിത വിരമിക്കൽ പ്രഖ്യാപിച്ച് കിവീസ് സൂപ്പർതാരം

ഓക്‌ലൻഡ്: ന്യൂസിലൻഡ് വെടിക്കെട്ട് ബാറ്റർ മാർട്ടിൻ ഗപ്റ്റിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽനിന്ന് വിരമിച്ചു. അതേസമയം, ടൺറി20 ലീഗുകളിൽ തുടരുമെന്ന് 38കാരനായ താരം അറിയിച്ചു. തന്റെ കരിയറിൽ ന്യൂസിലൻഡിനായി 23 സെഞ്ചുറികൾ ഉൾപ്പെടെ 12,000 റൺസ് ഗപ്റ്റിൽ നേടിയിട്ടുണ്ട്.

198 ഏകദിനങ്ങളിൽ 18 സെഞ്ചുറികളും 50 അർധസെഞ്ചുറികളുമടക്കം 41.73 ശരാശരിയിൽ 7346 റൺസാണ് ഗപ്റ്റിൽ അടിച്ചുകൂട്ടിയത്. 18 സെഞ്ചുറികളും 39 അർധസെഞ്ചുറികളും ഇതിൽ ഉൾപ്പെടുന്നു.ഏകദിനത്തിൽ ഇരട്ട ശതകം നേടിയ ആദ്യ ന്യൂസിലൻഡ് താരവുമാണ്. ഒരു ലോകകപ്പ് മത്സരത്തിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ എന്ന റിക്കാർഡ് താരത്തിന്റെ പേരിലാണ്.2015 ലോകകപ്പിലെ ക്വാർട്ടർ ഫൈനലിൽ വെസ്റ്റ് ഇൻഡീസിനെതിരെ പുറത്താകാതെ 237 റൺസ് താരം അടിച്ചുകൂട്ടിയിരുന്നു.2009 നും 2016നുമിടയിൽ 47 ടെസ്റ്റുകളിൽ ന്യൂസിലൻഡിനായി പാഡണിഞ്ഞ താരം 29.38 ശരാശരിയിൽ 2586 റൺസാണ് നേടിയത്. മൂന്നു സെഞ്ചുറികളും 17 അർധസെഞ്ചുറികളും ഇതിൽ ഉൾപ്പെടുന്നു.122 ടൺറി20 മത്സരങ്ങളിൽനിന്നായി കിവീസിനായി 31.81 ശരാശരിയിൽ 3531 റൺസും നേടി. നിലവിൽ ടൺറി20യിൽ ന്യൂസിലൻഡിനായി ഏറ്റവും കൂടുതൽ റൺസ് നേടിയ താരമാണ് ഗപ്റ്റിൽ. രണ്ടു സെഞ്ചുറികളും 20 അർധസെഞ്ചുറികളും ഇതിൽ ഉൾപ്പെടുന്നു.

## സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ഒഴിവ്

ട്രഷറി ഡയറക്ടറേറ്റിൽ കരാർ അടിസ്ഥാനത്തിൽ സീനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ അപേക്ഷിക്കാം. വിശദവിവരങ്ങൾ www.treasury.kerala.gov.in ൽ ലഭിക്കും. അപേക്ഷകൾ ജനുവരി 25നകം ലഭിക്കണം.

## ബ്യൂട്ടീഷ്യൻ കോഴ്സിലേക്ക് അപേക്ഷിക്കാം

നെടുമങ്ങാട് ഗവ. പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിൽ മൂന്നു മാസം ദൈർഘ്യമുള്ള ബ്യൂട്ടീഷ്യൻ കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദവിവരങ്ങൾക്ക്: 7559955644.

## ജൈവ വൈവിധ്യ വിദ്യാർഥി കോൺഗ്രസ് മത്സരങ്ങൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വിദ്യാർഥികളുടെ ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി സ്കൂൾ, കോളജ് വിദ്യാർഥികൾക്കായി പ്രോജക്ട് അവതരണ മത്സരം, സ്കൂൾ വിദ്യാർഥികൾക്കായി പുരയിടജൈവവൈവിധ്യ സംരക്ഷണ അവതരണ മത്സരം, പെയിന്റിങ്, പെൻസിൽ ഡ്രോയിങ് എന്നിവ സംഘടിപ്പിക്കും. അപേക്ഷ ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാ കോർഡിനേറ്ററുടെ ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും: https://keralabiodiversity.org.

## മികച്ച തൊഴിലവസര കോഴ്സുമായി അസാപ്

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരള പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സ്കോളർഷിപ്പോടെ പിഎഡിഐ ഡൈവ്മാസ്റ്റർ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തും. രാജ്യത്തും വിദേശത്തും നിരവധി തൊഴിലവസരങ്ങളുള്ള കോഴ്സിൽ തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. കോഴ്സ് ഫീസ് ആയ ഒരുലക്ഷത്തി അറുപതിനായിരം രൂപയിൽ ഒരുലക്ഷം രൂപ സ്കോളർഷിപ്പ് ആയി ലഭിക്കും. ബാക്കി അറുപതിനായിരം മാത്രം അടച്ചാൽ മതി. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പാടി ഡൈവ് മാസ്റ്ററിന്റെ 5 ലെവൽ സർട്ടിഫിക്കറ്റുകൾ നൽകും. വിഴിഞ്ഞം, കോവളം എന്നിവിടങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക്: 9995925844. https://forms.gle/2wdutvQphjGB7msg8 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴിയും രജിസ്റ്റർ ചെയ്യാം.

## മ്യൂസിയങ്ങളും മൃഗശാലയും തിങ്കളാഴ്ച തുറന്ന് പ്രവർത്തിക്കും

കേരള നിയമസഭ നടത്തുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ അവസാന ദിനമായ ജനുവരി 13ന് മ്യൂസിയങ്ങളും മൃഗശാലയും തുറന്ന് പ്രവർത്തിക്കും. ഇതിന് പകരമായി 14ന് മൃഗശാലയ്ക്ക് അവധിയായിരിക്കും.

## വിവരം നിഷേധിച്ച ഓഫീസർമാർക്ക് പിഴ വിധിച്ച് വിവരാവകാശ കമ്മീഷൻ

തിരുവനന്തപുരം: വിരമിച്ച ഓഫീസർ ഉൾപ്പെടെ വിവരം നിഷേധിച്ച രണ്ട് ഉദ്യോഗസ്ഥർക്ക് 5000 രൂപ വീതം പിഴ വിധിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ.

വിരമിച്ച ഉദ്യോഗസ്ഥൻ നേരിട്ടെത്തി പിഴ അടച്ചില്ലെങ്കിൽ ജപ്തി നടപടികളിലൂടെ പണം ഈടാക്കാനും സംസ്ഥാന വിവരവാകാശ കമ്മീഷണർ ഡോ. എ. അബ്ദുൾ ഹക്കിം ഉത്തരവായി.

തിരുവനന്തപുരം മുള്ളുവിള പോങ്ങിൽ പി. സി. പ്രദീജയുടെ പരാതിയിലാണ് അതിയന്നൂർ പഞ്ചായത്തിൽനിന്ന് വിരമിച്ച മുൻ വിവരാധികാരിയെ ശിക്ഷിച്ചത്. കോഴിക്കോട് നൊച്ചാട് ഇന്പിച്ച്യാലിയുടെ പരാതിയിൽ നൊച്ചാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ശിക്ഷിക്കപ്പെട്ടത്. ഇരുവരും ഈ മാസം 20നകം പിഴയടയ്ക്കണം. നിശ്ചിത സമയത്തിനകം പിഴ നല്കിയില്ലെങ്കിൽ ശന്പളത്തിൽനിന്നു പിടിക്കുമെന്നും ഉത്തരവിൽ പറയുന്നു.

## യുക്രെയ്നിൽ ആക്രമണം നടത്തി റഷ്യ; 13 പേർ കൊല്ലപ്പെട്ടു

കീവ്: യുക്രെയ്നിലെ സാപ്പോറിഷ്യ നഗരത്തിൽ റഷ്യ നടത്തിയ ബോംബാക്രമണത്തിൽ 13 പേർ കൊല്ലപ്പെട്ടു. 113 പേർക്കാണു പരിക്കേറ്റത്. ഇതിൽ 60 പേരുടെ നില ഗുരുതരമാണ്.

ഇന്നലെ രാവിലെ നഗരത്തിലെ വ്യവസായകേന്ദ്രത്തിനും ജനവാസകേന്ദ്രങ്ങളിലും ബോംബ് പതിക്കുകയായിരുന്നു. അത്യുഗ്ര സ്ഫോടനത്തിൽ മൃതദേഹങ്ങളും പരിക്കേറ്റവരും നിരത്തുകളിൽ ചിതറിക്കിടന്നതായി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

ഇതിനു പിന്നാലെ സാപ്പോറിഷ്യക്കടുത്ത ഒരു പട്ടണത്തിൽ റഷ്യൻ സേന നടത്തിയ ഷെല്ലാക്രമണത്തിൽ രണ്ടു പേർകൂടി കൊല്ലപ്പെട്ടു.

## അന്താരാഷ്ട്ര പുസ്തകോത്സവം : കോളേജ്തല ക്വിസ് മത്സര വിജയികൾ

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾക്കായി നിയമസഭ മന്ദിരത്തിൽ നടത്തിയ ക്വിസ് മത്സരഫലം പ്രഖ്യാപിച്ചു. കണ്ണൂർ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലെ വിദ്യാർഥികളായ അശ്വതി പി.എ., അഭിനവ് മനോജ് എന്നിവർ ഒന്നാം സ്ഥാനവും തിരുവനന്തപുരം നാലാഞ്ചിറ മാർ തിയോഫിലസ് ട്രെയിനിംഗ് കോളേജിലെ വിദ്യാർഥികളായ ശ്രീവിശാഖ് എസ്, പ്രിയ മേരി ജോൺ എന്നിവർ രണ്ടാം സ്ഥാനവും മാർ ഇവാനിയോസ് കോളേജിലെ വിദ്യാർഥികളായ ആദിത്യ ഡി.എം., അശ്വിൻ വി.ജെ. എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മുഹമ്മദ് മുഹ്സിൻ എം.എൽ.എ., നിയമസഭാ അഡീഷണൽ സെക്രട്ടറി കെ. ജി. ത്രിദീപ് എന്നിവർ വിജയികൾക്കുള്ള മെമന്റോ, ക്യാഷ് പ്രൈസ്, ബുക്ക് കൂപ്പൺ എന്നിവ വിതരണം ചെയ്തു. മേഖലാടിസ്ഥാനത്തിൽ നടത്തിയ മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സെമി ഫൈനൽ, ഫൈനൽ മത്സരങ്ങളാണ് നിയമസഭയിൽ നടത്തിയത്.

## വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 2024 അധ്യയന വർഷത്തെ ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. 2024 വർഷത്തെ ഡിഗ്രി, പിജി, പ്രൊഫഷണൽ ഡിഗ്രി, പ്രൊഫഷണൽ പിജി, ടിടിസി, ഐടിഐ, പോളിടെക്നിക്, ജനറൽ നഴ്സിംഗ്, ബിഎഡ്, മെഡിക്കൽ ഡിപ്ലോമ തുടങ്ങിയ അവസാന വർഷ പരീക്ഷകലിൽ നിശ്ചിത ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജനുവരി 31 ന് വൈകുന്നേരം 5 മണി വരെ സ്വീകരിക്കും.

അപേക്ഷകൾ യൂണിയൻ പ്രതിനിധികൾ മുഖേന സമർപ്പിക്കണം. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെയും ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്തിന്റെ ക്ഷേമനിധി പാസ്ബുക്കിന്റെ ആദ്യ പേജിന്റെയും അംശാദായ അടവിന്റേയും പകർപ്പ്, അംഗത്തിന്റെ ബാങ്ക് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം, അപേക്ഷയിലോ രജിസ്ട്രേഷൻ രേഖയിലോ പേര്, വിലാസം എന്നിവയിൽ വ്യത്യാസം ഉണ്ടെങ്കിൽ വൺ ആന്റ് സെയിം സർട്ടിഫിക്കറ്റും സമർപ്പിക്കണം.

പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. കുടിശ്ശികയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കേരളത്തിനകത്തെ സർവകലാശാലകളിൽ റഗുലർ കോഴ്സിൽ പഠിച്ചവരായിരിക്കണം. സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പഠിച്ച വിദ്യാർഥികൾ ഈ ആനുകൂല്യത്തിന് അർഹരല്ല. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2729175.

## ഫിസിയോതെറാപ്പിസ്റ്റ്, യോഗ എക്സ്പേർട്ട് തസ്തികകളിലേക്കുള്ള ഇന്റർവ്യൂ 15ന് നടത്തും

തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് ഫിസിയോതെറാപ്പിസ്റ്റ്, യോഗ എക്സ്പേർട്ട് തസ്തികകളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ അന്നേ ദിവസം തിരുവനന്തപുരം ജില്ലയിൽ പ്രാദേശിക അവധിയായതിനാൽ ജനുവരി 15 ലേക്ക് മാറ്റിവച്ചു. മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

## ഡൽഹിയിൽ ആംആദ്മി പാർട്ടി തന്നെ വീണ്ടും അധികാരത്തിലെത്തും: മനീഷ് സിസോദിയ

ന്യൂഡൽഹി: നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്ന ഡൽഹിയിൽ ആംആദ്മി പാർട്ടി വൻ വിജയം നേടുമെന്ന് മുതിർന്ന നേതാവും മുൻ മുഖ്യമന്ത്രിയുമായ മനീഷ് സിസോദിയ. അരവിന്ദ് കേജരിവാൾ മുഖ്യമന്ത്രിയാകണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നതെന്നും മനീഷ് സിസോദിയ പറഞ്ഞു.

'ആംആദ്മി പാർട്ടിയുടെ ജനപ്രിയ വികസന നയങ്ങൾ ജനങ്ങൾ അംഗീകരിച്ചു കഴിഞ്ഞു. തുടർന്നും ആംആദ്മിയുടെ സർക്കാർ അധികാരത്തിലെത്തണമെന്ന് അവർ ആഗ്രഹിക്കുന്നു. അതിനാൽ തന്നെ ഞങ്ങളുടെ വിജയം ഉറപ്പാണ്.'-മനീഷ് സിസോദിയ പറഞ്ഞു.

ഫെബ്രുവരി അഞ്ചിനാണ് ഡൽഹിയിൽ വോട്ടെടുപ്പ്. എട്ടിനാണ് വോട്ടെണ്ണൽ.

## ബിഹാറിൽ ട്രക്കും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് അപകടം; മൂന്ന് മരണം

പാറ്റ്ന: ബിഹാറിൽ ട്രക്കും ഓട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ചു. മൂന്ന് പേർക്ക് ഗുരുതരമായി പരിക്കേറ്റു. നളന്ദ ജില്ലയിലാണ് അപകടമുണ്ടായത്.

ഓട്ടോറിക്ഷയിലേയ്ക്ക് ട്രക്ക് ഇടിച്ചുകയറുകയായിരുന്നു. ചബിൽപുർ പോലീസ് സ്റ്റേഷൻ പ്രദേശത്തെ പ്രഗതി പെട്രോൾ പന്പിന് സമീപത്താണ് അപകടം നടന്നത്.ഓട്ടോറിക്ഷയിൽ യാത്ര ചെയ്തിരുന്ന കാഞ്ചൻ ദേവി, ദിലീപ് കുമാർ, ബിണ്ടി പ്രസാദ് എന്നിവരാണ് മരിച്ചത്. പരിക്കേറ്റവരെ പവപുരി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു.

### ഗുജറാത്തിലെ വൽസഡിൽ വെയൽ ഹൗസിൽ വൻ തീപിടിത്തം

വഡോദര: ഗുജറാത്തിലെ വൽസഡിൽ വെയൽ ഹൗസിൽ വൻ തീപിടിത്തം. ബുധനാഴ്ച രാത്രിയാണ് തീപിടിത്തമുണ്ടായത്.

ഡുംഗ്ര ഫലിയ പ്രദേശത്തെ വെയൽ ഹൗസിലാണ് തീപിടിത്തമുണ്ടായത്. അഗ്നിരക്ഷാസേനയുടെ നാല് യൂണിറ്റുകൾ സ്ഥലത്തെത്തിയാണ് തീയണച്ചത്.

തീപിടിത്തത്തിൽ ആർക്കും പരിക്കില്ല. തീപിടിത്തത്തിന്റെ കാരണം വ്യക്തമായിട്ടില്ല.

## റിയാദിൽ വാഹനാപകടം; മലയാളികൾക്ക് പരിക്ക്

റിയാദ്: അബഹയിൽ വാഹനാപകടത്തിൽ മലയാളികൾക്ക് പരിക്ക്. സൗദിയിലെ ടൂറിസം കേന്ദ്രമായ അബഹയിലെ അൽസുദ പർവതനിരയിൽ ആണ് അപകടമുണ്ടായത്.

ഇടുക്കി സ്വദേശികളായ ദമ്പതിമാരായ അൽഹബീബ് ആശുപത്രി ജീവനക്കാരൻ അനീഷ് ജോർജ്, കിംഗ് ഫഹദ് ആശുപത്രിയിൽ ഐസിയു സ്റ്റാഫ് നഴ്സ് അബിമോൾ എന്നിവർക്കാണ് പരിക്കേറ്റത്. ഇവർ സഞ്ചരിച്ചിരുന്ന വാഹനം എതിരെ വന്ന വാഹനവുമായി കൂട്ടിയിടിക്കുകയായിരുന്നു.

ഇവരുടെ വാഹനം പൂർണമായി തകർന്നു. അപകടത്തെ തുടർന്ന് ഇവരെ സൗദി സുരക്ഷാ ഉദ്യോഗസ്ഥർ അബഹയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചു.

## കുപ്രസിദ്ധ മോഷ്ടാവ് വെള്ളംകുടി ബാബു പിടിയിൽ

അഞ്ചൽ: അമ്പതിലേറെ കവർച്ചാ കേസിൽ പ്രതിയായ കുപ്രസിദ്ധ മോഷ്ടാവ് വെള്ളംകുടി ബാബു പിടിയിൽ. ചണ്ണപേട്ടയിൽ നിന്നാണ് ഏരൂർ പോലീസ് പിടികൂടിയത്. കഴിഞ്ഞ ദിവസങ്ങളിൽ ഏരൂർ, കുളത്തൂപ്പുഴ മേഖലകളിൽ നിരവധി കാണിക്കവഞ്ചികൾ തകർത്തും വീടുകളിലും മോഷണം നടന്നിരുന്നു.

പരിശോധനയിൽ വെള്ളംകുടി ബാബുവാണ് കവർച്ചയ്ക്ക് പിന്നിലെന്ന് പോലീസ് കണ്ടെത്തി. ഇതേ തുടർന്നാണ് രാത്രിയിൽ ഇയാൾ ഒളിച്ചു പാർത്തിരുന്ന ചണ്ണപ്പേട്ടയിലെ ബന്ധുവീട്ടിൽ നിന്ന് പിടികൂടിയത്. പ്രതിയെ വൈദ്യ പരിശോധനയും തെളിവെടുപ്പുകൾക്കും ശേഷം കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

അടുത്തിടെ ജാമ്യത്തിൽ ഇറങ്ങിയ വെള്ളംകുടി ബാബുവിനെതിരെ കിഴക്കൻ മേഖലയിലെ പോലീസ് സ്റ്റേഷനുകളിൽ എല്ലാം ജാഗ്രത നിർദേശം നൽകിയിരുന്നു. ഇതിനിടയിലാണ് ഇയാൾ പിടിയിലായത്. ജാമ്യത്തിൽ ഇറങ്ങിയാൽ ഉടൻ അടുത്ത മോഷണം നടത്തുകയാണ് ഇയാളുടെ രീതി. മലയോര മേഖലയിൽ ഇയാൾക്ക് സഹായികൾ ഉള്ളതായി പോലീസ് സംശയിക്കുന്നു. കൂടുതൽ അന്വേഷണം നടത്തിവരികയാണെന്ന് ഏരൂർ സർക്കിൾ ഇൻസ്പെക്ടർ എൻ. ഗിരീഷ് അറിയിച്ചു. കവർച്ച നടന്ന ഇടങ്ങളിൽ ഫോറൻസിക്, വിരലടയാള വിദഗ്ധർ അടക്കം എത്തി തെളിവുകൾ ശേഖരിച്ചിട്ടുണ്ട്.

## ലോസ് ആഞ്ചലസിൽ കാട്ടുതീ പടരുന്നു; അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു

ലോസ് ആഞ്ചലസ്: അമേരിക്കയിലെ ലോസ് ആഞ്ചലസ് നഗരാതിർത്തികളിൽ കാട്ടുതീ പടരുന്നു. ഇതേത്തുടർന്ന് ലോസ് ആഞ്ചലസിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

30,000 പേരോട് ഒഴിഞ്ഞുപോകാൻ നിർദേശിച്ചു. തീ പടരുന്ന ദിശയിൽ 13,000 കെട്ടിടങ്ങളും 10,000 വീടുകളുമുണ്ട്. മൂന്നു കാട്ടുതീയാണു റിപ്പോർട്ട് ചെയ്തത്.

സിനിമാതാരങ്ങളടക്കം സെലിബ്രിറ്റികൾ താമസിക്കുന്ന പസഫിക് പാലിസേഡ് പ്രദേശത്ത് 20 ഏക്കറിൽ ആരംഭിച്ച കാട്ടുതീ അതിവേഗം 3000 ഏക്കറിലേക്കു പടർന്നു. ആൽട്ടഡേന, സിൽമാർ പ്രദേശങ്ങളിലായി രണ്ടു കാട്ടുതീയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വരണ്ട കാലാവസ്ഥയും അതിവേഗത്തിലുള്ള കാറ്റും തീ പടർത്തുന്നു. 1400 അഗ്നിശമനസേനാംഗങ്ങൾ രംഗത്തുണ്ടെങ്കിലും തീ അണയ്ക്കാൻ കഴിയുമെന്ന പ്രതീക്ഷയില്ല.

പസഫിക് പാലിസേഡിൽ ഹോളിവിഡ് അഭിനേതാക്കളായ ടോം ഹാങ്ക്സ്, ജെന്നിഫർ ആനിസ്റ്റൺ, റീസ് വിതർസ്പൂൺ തുടങ്ങിയവർക്ക് വസതികളുണ്ട്.

തന്നെ ഒഴിപ്പിച്ചുമാറ്റിയതായി ഇവിടെ താമസിക്കുന്ന യൂജീൻ ലെവി എന്ന നടൻ അറിയിച്ചു. മറ്റൊരു നടനായ സ്റ്റീവ് ഗുട്ടെൻബെർഗ് രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായി.

## എഫ്സി ബാഴ്സലോണ സ്പാനിഷ് സൂപ്പർ കപ്പ് ഫൈനലിൽ

റിയാദ്: സ്പാനിഷ് സൂപ്പർ കപ്പ് ഫുട്ബോളിൽ ഫൈനലിലെത്തി എഫ്സി ബാഴ്സലോണ. സെമിഫൈനലിൽ അത്‌ലറ്റിക്ക് ബിൽബാവോയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്താണ് ബാഴ്സ ഫൈനലിലെത്തിയത്.

ഗാവിയും ലമൈൻ ജമാലുമാണ് ബാഴ്സയ്ക്കായി ഗോളുകൾ നേടിയത്. ഗാവി 17-ാം മിനിറ്റിലും യമാൽ 52-ാം മിനിറ്റിലുമാണ് ഗോൾ സ്കോർ ചെയ്തത്.

ജനുവരി 12നാണ് ഫൈനൽ. റയൽ മാഡ്രിഡ്-മല്ലോർക്ക സെമിയിലെ വിജയികളെയായിരിക്കും ബാഴ്സ ഫൈനലിൽ നേരിടുക.

### അണ്ണാ സർവകലാശാലയിലെ ബലാത്സംഗക്കേസ്; ഡിഎംകെ സർക്കാർ സ്ത്രീ സുരക്ഷക്കൊപ്പമെന്ന് സ്റ്റാലിൻ

ചെന്നെ: അണ്ണാ സർവകലാശാലയിലെ ബലാത്സംഗക്കേസിലെ പ്രതി ജ്ഞാനശേഖരൻ പാർട്ടിക്കാരനല്ലെന്നും ഡിഎംകെ അനുഭാവി മാത്രമാണെന്നും തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ. നിയമസഭയിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.മന്ത്രിമാർക്കൊപ്പം പലരും ഫോട്ടോ എടുക്കും. അതൊരു തെറ്റല്ല. ഡിഎംകെ സർക്കാർ സ്ത്രീ സുരക്ഷക്കൊപ്പമാണ്. സാങ്കേതിക തകരാർ മൂലമാണ് എഫ്ഐആർ ചോർന്നത്.അതിനു പിന്നിൽ മറ്റ് ഗൂഢാലോചനകളില്ല. എസ്ഐടി അന്വേഷണത്തിൽ കൂടുതൽ പ്രതികളെ കണ്ടെത്തിയാൽ ശക്തമായ നടപടി ഉണ്ടാകുമെന്നും സ്റ്റാലിൻ പറഞ്ഞു.

## മാമി തിരോധാനം: കാണാതായ ഡ്രൈവറേയും ഭാര്യയേയും കണ്ടെത്തി

കോഴിക്കോട്: കാണാതായ റിയൽ എസ്റ്റേറ്റ് വ്യാപാരി മുഹമ്മദ് ആട്ടൂരിന്റെ (മാമി) ഡ്രൈവർ രജിത്തിനെയും ഭാര്യയേയും കണ്ടെത്തി. വ്യാഴാഴ്ച മുതൽ കാണാതായ എലത്തൂർ പ്രണവം ഹൗസിൽ രജിത് കുമാർ (45), ഭാര്യ തുഷാര (35) എന്നിവരെയാണു ഗുരുവായൂരിൽനിന്നു കണ്ടെത്തിയത്.

ക്രൈംബ്രാഞ്ച് സംഘം ചോദ്യം ചെയ്ത ശേഷം രജിത് കുമാറിനെയും ഭാര്യ തുഷാരയെയും കാണാതായെന്ന് കാണിച്ച് കുടുംബമാണ് പോലീസിൽ പരാതി നൽകിയത്. നടക്കാവ് പോലീസ് നടത്തിയ അന്വേഷണത്തിനൊടുവിലാണ് ഇരുവരെയും കണ്ടെത്തിയത്.

കോഴിക്കോട് കെഎസ്ആർടിസി സ്റ്റാൻഡിൽ നിന്നും ഇരുവരും ഓട്ടോറിക്ഷയിൽ കയറി പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ നേരത്തെ പുറത്ത് വന്നിരുന്നു. 20 വർഷമായി മാമിയുടെ ഡ്രൈവറായിരുന്നു രജിത്. 2023 ഓഗസ്റ്റ് 21ന് മാമിയെ കാണാതാകുന്നതിന് മുമ്പ് അവസാനം സംസാരിച്ചവരിൽ ഒരാളും രജിത്തായിരുന്നു.

ലോക്കൽ പോലീസും പിന്നീട് വന്ന പ്രത്യേക അന്വേഷണ സംഘവും നിലവിൽ അന്വേഷണം നടത്തുന്ന ക്രൈംബ്രാഞ്ച് സംഘവും രജിത് കുമാറിനെ ചോദ്യം ചെയ്തിരുന്നു. കഴിഞ്ഞ ചൊവ്വാഴ്ചയും ക്രൈംബ്രാഞ്ച് പ്രത്യേക അന്വേഷണ സംഘം രജിത് കുമാറിനെയും തുഷാരയെയും ചോദ്യം ചെയ്യാൻ വിളിപ്പിച്ചിരുന്നു.

ബുധനാഴ്ച വീണ്ടും ഹാജരാകണമെന്ന് അറിയിച്ചതിനു പിന്നാലെയാണ് ഇരുവരെയും കാണാതായത്. രജിത്തിനെയും തുഷാരയെയും കോഴിക്കോട്ട് എത്തിച്ച് കോടതിയിൽ ഹാജരാക്കുമെന്നു പോലീസ് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തിരുവനന്തപുരം മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ്

## വിവിധ പ്രവർത്തനങ്ങൾക്കായി ആദ്യ ഘട്ടത്തിൽ അനുവദിച്ചത് 4 കോടി ട്രോമ & ബേൺസ് രംഗത്ത് സ്റ്റേറ്റ് അപെക്സ് സെന്ററായി പ്രവർത്തിക്കും

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ എമർജൻസി മെഡിസിൻ വിഭാഗത്തെ ട്രോമ കെയറിന്റേയും ബേൺസ് ചികിത്സയുടേയും സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചു കൊണ്ടുള്ള ഔദ്യോഗിക അറിയിപ്പ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചു. പരിക്കുകളുടേയും പൊള്ളലിന്റേയും പ്രതിരോധത്തിനും മാനേജ്മെന്റിനുമുള്ള ദേശീയ പരിപാടിയുടെ (ചജജങഠ&ആക) ഭാഗമായാണ് രാജ്യത്തെ 8 പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളെ സെന്റർ ഓഫ് എക്സലൻസായി തെരഞ്ഞെടുത്തത്. ട്രോമ, ബേൺസ് പരിചരണത്തിനായി കേന്ദ്ര സർക്കാർ ആദ്യമായി പ്രഖ്യാപിച്ച സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ തന്നെ ഇടം പിടിക്കാൻ കേരളത്തിനായി. ഡൽഹി എയിംസ്, ഡൽഹി സഫ്ദർ ജംഗ്, പുതുച്ചേരി ജിപ്മർ, പിജിഐ ചണ്ഡിഗഢ് തുടങ്ങിയ രാജ്യത്തെ പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെട്ടത്. സെന്റർ ഓഫ് എക്സലൻസ് പ്രകാരം ഓരോ വർഷവും രണ്ടു കോടി രൂപ വീതം മെഡിക്കൽ കോളേജിന് ലഭിക്കും. 2024-25 വർഷത്തിൽ 2 കോടിയും 2025-26 വർഷത്തിൽ 2 കോടിയും ഉൾപ്പെടെ 4 കോടി രൂപ ലഭ്യമാകുന്നതാണ്.

സംസ്ഥാനത്തെ ട്രോമ, ബേൺസ് ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്താൻ സെന്റർ ഓഫ് എക‍്സലൻസിലൂടെ സാധിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. എമർജൻസി കെയറിന്റേയും ബേൺസ് കെയറിന്റേയും സ്റ്റേറ്റ് അപെക്സ് സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രവർത്തിക്കും. പരിശീലനം, സ്കിൽ ഡെവലപ്മെന്റ്, ഗവേഷണം, നൂതനാശയങ്ങൾ, സാങ്കേതികവിദ്യ, നവീന രീതികൾ പിന്തുടരൽ, അവബോധം, ഉപകരണങ്ങൾ എന്നിവയ്ക്കായിരിക്കും സെന്റർ ഓഫ് എക്സലൻസ് തുക വിനിയോഗിക്കുക. സംസ്ഥാനത്ത് സമഗ്ര എമർജൻസി & ട്രോമ കെയർ സംവിധാനത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പായിരിക്കുമിതെന്നും മന്ത്രി വ്യക്തമാക്കി.

ഈ സർക്കാരിന്റെ തുടക്കകാലത്ത് 2021ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുന്നറിയിപ്പില്ലാതെ മന്ത്രി വീണാ ജോർജ് നടത്തിയ സന്ദർശനമാണ് പുതിയ എമർജൻസി മെഡിസിൻ & ട്രോമകെയർ സംവിധാനം യാഥാർത്ഥ്യമാക്കിയത്. ശാസ്ത്രീയമായ ട്രയാജ് സംവിധാനം, ചെസ്റ്റ് പെയിൻ ക്ലിനിക്, സ്ട്രോക്ക് ഹോട്ട്ലൈൻ, അത്യാധുനിക പരിശോധനാ സംവിധാനങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ സജ്ജമാക്കി. എയിംസ്, ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ അത്യാഹിത വിഭാഗം സന്ദർശിച്ച് അഭിനന്ദിച്ചു. 100 ഐസിയു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക്, സ്പെക്റ്റ് സ്കാൻ എന്നിവ സ്ഥാപിച്ചു.

പൊള്ളലേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ കീഴിൽ ബേൺസ് യൂണിറ്റ് ആരംഭിച്ചു. ബേൺസ് ഐസിയുവിൽ സജ്ജമാക്കിയ തീവ്രപരിചരണ സംവിധാനത്തിലൂടെ അണുബാധയേൽക്കുന്നത് പരമാവധി കുറയ്ക്കാനും എത്രയും വേഗം രോഗികൾക്ക് ആശ്വാസം ലഭിക്കാനും ജീവിതത്തിലേക്ക് മടക്കി കൊണ്ടു വരുവാനും സഹായിക്കുന്നു. ഇതുകൂടാതെ കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് ഉടൻതന്നെ ആരംഭിക്കുന്നതാണ്. ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് പ്രിസർവ് ചെയ്ത് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് സ്കിൻ ബാങ്കിലൂടെ ചെയ്യുന്നത്.

സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. മന്ത്രി വീണാ ജോർജ് നിരന്തരം മെഡിക്കൽ കോളേജ് സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. ഈ കാലയളവിൽ ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിങ്ങിൽ തുടർച്ചയായ രണ്ട് വർഷങ്ങളിൽ മെഡിക്കൽ കോളേജ് ഉൾപ്പെട്ടു. മാസ്റ്റർപ്ലാനിന്റെ ഭാഗമായി കിഫ്ബി വഴി 717 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടന്നു വരുന്നത്. രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജമാക്കി. മെഡിക്കൽ കോളേജിൽ റോബോട്ടിക് സർജറി ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി ആരംഭിച്ചു. രാജ്യത്ത് മെഡിക്കൽ കോളേജുകളിൽ ആദ്യമായി ന്യൂറോ ഇന്റർവെൻഷൻ ആരംഭിച്ചു. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി വിഭാഗങ്ങൾ ആരംഭിച്ചു.

# ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മൈക്രോബയോളജി ലാബ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിനായി തിരുവനന്തപുരം ഗവ. അനലിസ്റ്റ് ലബോറട്ടറിയിൽ സജ്ജീകരിച്ച ദേശീയ നിലവാരത്തിലുള്ള മൈക്രോബയോളജി ലാബിന്റെ ഉദ്ഘാടനം ജനുവരി 15 ന് ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. പകൽ 11 ന് തിരുവനനന്തപുരം ഗവ. അനലിസ്റ്റ് ലബോറട്ടറിയിൽ നടക്കുന്ന ചടങ്ങിൽ അഡ്വ. ആന്റണി രാജു അധ്യക്ഷത വഹിക്കും.

തിരുവനന്തപുരം എം.പി ശശി തരൂർ മുഖ്യാതിഥിയാകും. തിരുവനന്തപുരം കോർപറേഷൻ മേയർ ആര്യാ രാജേന്ദ്രൻ ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

എഫ്.എസ്.എസ്.എ.ഐ മാനദണ്ഡപ്രകാരം ഭക്ഷ്യ സുരക്ഷയിൽ മൈക്രോബയോളജി ടെസ്റ്റിങ്ങിന് സുപ്രധാന പങ്കുണ്ട്. സംസ്ഥാന ഭക്ഷ്യ പരിശോധന വകുപ്പിന്റെ മൂന്ന് ലാബുകളിൽ കെമിക്കൽ വിഭാഗത്തിന് നിലവിൽ എൻ എ ബി എൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. പുതിയ ലാബ് പ്രവർത്തനം തുടങ്ങി, സമയബന്ധിതമായി എൻ എ ബി എൽ അക്രഡിറ്റേഷൻ കൂടി ലഭിക്കുന്നതോടെ ഭക്ഷ്യ വസ്തുക്കളുടെ പരിശോധനയിൽ കേരളത്തിന് ഉയർന്ന നിലവാരത്തിൽ എത്താൻ സാധിക്കും. നിലവിൽ എറണാകുളം, കോഴിക്കോട് ലാബുകളിൽ ദേശീയ നിലവാരത്തിൽ സജ്ജീകരിച്ച മൈക്രോ ബയോളജി ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

എഫ് എസ് എസ് എ ഐയും സംസ്ഥാന സർക്കാരും നടപ്പിലാക്കിയിട്ടുള്ള ദീർഘകാല കരാറിന്റെ ഭാഗമായി എഫ്.എസ്.എസ്.എ.ഐ - എൻ.എ.ബി.എൽ മാനദണ്ഡപ്രകാരം നിർമ്മാണം പൂർത്തീകരിച്ച ലാബിൽ ഇൻഫ്രാസ്ട്രക്ചർ, ലാബ് ഉപകരണങ്ങൾ, മൂന്ന് വർഷത്തേക്കുള്ള കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങൾ എന്നിവ ഉൾപ്പെടും. പുതിയതായി 250 കെ.വി ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ചാണ് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ആധുനിക രീതിയിൽ പ്രവർത്തന സജ്ജമാക്കിയത്.

ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനം നിലനിർത്തുന്ന സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിനു ഇത്തരത്തിൽ ദേശീയ നിലവാരമുള്ള മൈക്രോബയോളജി ലബോറട്ടറി ഒരു മുതൽക്കൂട്ടായി മാറും.

# തദ്ദേശവാർഡ് വിഭജനം : ഡീലിമിറ്റേഷൻ കമ്മീഷൻ ജനുവരി 16 മുതൽ പരാതിക്കാരെ നേരിൽ കേൾക്കും

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൽ ജില്ലാതല ഹിയറിംഗ് ജനുവരി 16 മുതൽ ഫെബ്രുവരി 22 വരെ നടത്തുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. ഹീയറിംഗ് ജനുവരി 16 ന് പത്തനംതിട്ടയിൽ ആരംഭിക്കും.941 ഗ്രാമപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് കോർപ്പറേഷനുകൾ എന്നിവയിലെ കരട് വിഭജന നിർദ്ദേശങ്ങൾ നവംബർ 18 ന് പ്രസിദ്ധീകരിച്ചിരുന്നു. അതിന്മേലുള്ള പരാതികളും നിർദ്ദേശങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ 2024 ഡിസംബർ നാല് വരെ സ്വീകരിച്ചിരുന്നു.

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ നേരിട്ടും, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേനയും ആക്ഷേപങ്ങൾ സമർപ്പിച്ച പരാതിക്കാരെ നേരിൽ കേൾക്കും. ഹീയറിംഗിന് ശേഷം പരാതികൾ വിശദമായി പരിശോധിച്ച് കമ്മീഷൻ അന്തിമ വാർഡ് വിഭജന വിജ്ഞാപനം പുറപ്പെടുവിക്കും.2025 ജനുവരി 16 - പത്തനംതിട്ട (546), ജനുവരി 17 കോട്ടയം (562), ജനുവരി 18 ഇടുക്കി (482), ജനുവരി 28 കൊല്ലം (869), ജനുവരി 29 ആലപ്പുഴ (723), ജനുവരി 30 എറണാകുളം (1010), ജനുവരി 31 - തൃശൂർ (1230), ഫെബ്രുവരി 4 - പാലക്കാട് (1112), ഫെബ്രുവരി 5, 6 - മലപ്പുറം (2840), ഫെബ്രുവരി 11 - കാസർകോട് (843), ഫെബ്രുവരി 12 - കണ്ണൂർ (1379), ഫെബ്രുവരി 13, 14 - കോഴിക്കോട് (1957), ഫെബ്രുവരി 15 - വയനാട് (487), ഫെബ്രുവരി 21, 22 തിരുവനന്തപുരം (2002)

# പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സാനുമതി: രജിസട്രേഷനുള്ളവർക്ക് മാത്രം

ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ നോഡൽ ഏജൻസിയായ സെന്റർ ഫോർ ട്രേഡ് ടെസ്റ്റിങ് ആൻഡ് സർട്ടിഫിക്കേഷൻ ഓഫ് സ്കിൽസ് വർക്കേഴ്സ് (സി.സി.ടി.സി) എന്ന സംഘടന പാരമ്പര്യ വൈദ്യൻമാർക്ക് ചികിത്സ അനുമതി നൽകികൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകുന്നതായി പത്രവാർത്ത ഭാരതീയ ചികിത്സ സമ്പ്രദായം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 2021 പ്രകാരം കേരളത്തിൽ ചികിത്സ നടത്തുന്നതിനുള്ള അവകാശം അംഗീകൃത യോഗ്യതയോ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസട്രേഷനുമുള്ളവർക്ക് മാത്രമാണ്. ഇത്തരത്തിൽ അല്ലാതെയുള്ള ഏത് ചികിത്സയും വ്യാജ ചികിത്സയായിട്ടാണ് കണക്കാക്കുന്നത്. ആയതിനാൽ ഇത്തരത്തിൽ കൗൺസിൽ രജിസ്ട്രേഷനോ അംഗീകൃത യോഗ്യതയോ ഇല്ലാതെ ചികിത്സിക്കുന്നവർക്കെതിരെ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 2021 പ്രകാരം നടപടിയെടുക്കും.

# എൻ.എം.വിജയന്റെ മരണം; ഐ.സി.ബാലകൃഷ്ണൻ എംഎൽഎയ്ക്കെതിരേ ആത്മഹത്യാ പ്രേരണാക്കുറ്റം ചുമത്തി

വയനാട്: വയനാട് ഡിസിസി ട്രഷറർ എൻ.എം.വിജയന്റെ മരണത്തിൽ ബത്തേരി എംഎൽഎ ഐ.സി.ബാലകൃഷ്ണനെതിരേ ആത്മഹത്യാ പ്രേരണാക്കുറ്റം ചുമത്തി കേസെടുത്തു.

വയനാട് ഡിസിസി പ്രസിഡൻറ് എൻ.ഡി.അപ്പച്ചൻ. കെ.കെ.ഗോപിനാഥൻ എന്നിവരും കേസിൽ പ്രതികളാണ്. നേരത്തെ കോൺഗ്രസിൽനിന്ന് പുറത്താക്കിയതിനേ തുടർന്ന് സിപിഎമ്മിലെത്തിയ പരേതനായ പി.വി.ബാലചന്ദ്രനും പ്രതിപ്പട്ടികയിലുണ്ട്.

അസ്വാഭാവിക മരണത്തിനാണ് ആദ്യം കേസെടുത്തിരുന്നത്. എൻ.എം.വിജയൻ നേതാക്കൾക്കയച്ച കത്തിലും ആത്മഹത്യാക്കുറിപ്പിലും കോൺഗ്രസ് നേതാക്കളുടെ പേരുകൾ പരാമർശിക്കപ്പെട്ടതോടെയാണ് പോലീസ് നടപടി കടുപ്പിച്ചത്. അന്വേഷണ സംഘം ഇതുമായി ബന്ധപ്പെട്ട് നിയമോപദേശം തേടിയിരുന്നു.

സുൽത്താൻ ബത്തേരി സഹകരണ ബാങ്ക് നിയമനത്തിന് ഉദ്യോഗാർഥികളിൽ നിന്ന് വിജയൻ ഇടനിലക്കാരനായി ലക്ഷങ്ങൾ കോഴ വാങ്ങിയെന്ന് ആരോപണമുയർന്നിരുന്നു. കഴിഞ്ഞ ദിവസമാണ് എൻ.എം. വിജയന്റെ ആത്മഹത്യാക്കുറിപ്പ് പുറത്തു വന്നത്.

നിയമനത്തിന്റെ പേരിൽ ഐ.സി ബാലകൃഷ്ണൻ എംഎൽഎ കോഴ വാങ്ങിയെന്നാണ് ആത്മഹത്യാക്കുറിപ്പിൽ പരാമർശിക്കുന്നത്. വലിയ ബാധ്യതകളുണ്ടായിട്ടും തന്നെ ആരും തിരിഞ്ഞു നോക്കിയില്ലെന്നും ഏഴ് പേജിലേറെയുള്ള ആത്മഹത്യാക്കുറിപ്പിൽ ആരോപണമുണ്ട്.

ഡിസംബർ 27നാണ് വിജയനും ഇളയ മകൻ ജിജേഷും കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചത്. 24ന് ഇരുവരെയും വിഷം കഴിച്ച നിലയിൽ മണിച്ചറിയിലെ വീട്ടിൽ കണ്ടെത്തുകയായിരുന്നു.

## ജാമ്യത്തിലിറങ്ങി മുങ്ങിയ പ്രതിയെ ശബരിമലയിൽ നിന്ന് പിടികൂടി

പത്തനംതിട്ട: കഞ്ചാവ് കേസിൽ ജാമ്യത്തിലിറങ്ങി മുങ്ങിയ പ്രതിയെ ശബരിമലയിൽ നിന്ന് എക്സൈസ് സംഘം പിടികൂടി. മധുര സ്വദേശി രാജു ആണ് അറസ്റ്റിലായത്. ഒന്നര കിലോ കഞ്ചാവുമായി 2019ലാണ് ഇയാൾ അറസ്റ്റിലാകുന്നത്.

ഇതിനുശേഷം ജാമ്യത്തിലിറങ്ങിയ പ്രതി സ്ഥലം വിടുകയായിരുന്നു. ശബരിമലയിൽ ശുചീകരണ വിഭാഗത്തിൽ താത്കാലിക ജോലിയിലായിൽ പ്രവേശിച്ച പ്രതിയുടെ ഫോൺ ലോക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണമാണ് വഴിത്തിരിവായത്.

പ്രതി സന്നിധാനത്തുണ്ടെന്ന് മനസിലാക്കിയ എക്സൈസ് സംഘം നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. ജാമ്യത്തിലിറങ്ങിയശേഷം ഉപാധികൾ പാലിക്കാതെ ഇയാൾ മുങ്ങുകയായിരുന്നുവെന്ന് എക്സൈസ് അധികൃതർ പറഞ്ഞു.

## സ്കൂട്ടറിൽ പിക്കപ്പ് വാൻ ഇടിച്ചുണ്ടായ അപകടം; യുവതിക്ക് ഗുരുതര പരിക്ക്

കോഴിക്കോട്: താമരശേരിയിൽ സ്കൂട്ടറിൽ പിക്കപ്പ് വാൻ ഇടിച്ചുണ്ടായ അപകടത്തിൽ യുവതിക്ക് ഗുരുതര പരിക്ക്. കാരാടി സ്വദേശി ഷീജയ്ക്കാണ് പരിക്കേറ്റത്. ഇവരെ കോഴിക്കോട് മെഡിക്കൽ കോളജിലേക്ക് മാറ്റി.

രാവിലെ ആറോടെ താമരശേരി കാരാടി ജംഗ്ഷനിൽവച്ചാണ് അപകടമുണ്ടായത്. ഷീജ സഞ്ചരിച്ച സ്കൂട്ടറിൽ പിക്കപ്പ് വാൻ ഇടിക്കുകയായിരുന്നു. വാഹനത്തിന്റെ ടയറുകൾ കാലിലൂടെ കയറിയിറങ്ങി. ഷീജ രാവിലെ യോഗ ക്ലാസിൽ പങ്കെടുക്കാൻ പോകുമ്പോഴാണ് അപകടം സംഭവിച്ചത്.

## ആലുവയിലെ ഫ്ലാറ്റിൽ നിന്ന് വീണ് വയോധിക മരിച്ചു

ആലുവ: ബഹുനില ഫ്ലാറ്റിൽ നിന്ന് വീണ് വയോധിക മരിച്ചു. ആലുവ ബീവറേജ് ഷോപ്പിന് സമീപമുള്ള ഫ്ളാറ്റിൽ താമസിക്കുന്ന ശാന്തമണിയമ്മയെന്ന 71 കാരിയാണ് മരിച്ചത്.ഇന്ന് പുലർച്ചെയാണ് ശാന്തമണിയമ്മയെ ഫ്ലാറ്റിന്റെ പാർക്കിംഗ് ഏരിയക്ക് സമീപം വീണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ആത്മഹത്യയെന്നാണ് സംശയം. ഏറെ കാലമായി വിഷാദരോഗത്തിന് ചികിത്സയിലായിരുന്നു.11ാം നിലയിലെ ഫ്ലാറ്റിൽ ആഭരണങ്ങൾ അഴിച്ചുവെച്ചതായി കണ്ടെത്തി. അങ്കമാലിയിലെ സ്കൂളിൽ അധ്യാപികയായ മകൾക്കൊപ്പമായിരുന്നു ശാന്തമണിയമ്മ താമസിച്ചിരുന്നത്. മൃതദേഹം ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. സംഭവത്തിൽ പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

## വയനാട് പുൽപ്പള്ളിയിൽ വീണ്ടും കടുവയിറങ്ങി

വയനാട്: പുൽപ്പള്ളിയിൽ വീണ്ടും കടുവയിറങ്ങി. അമരക്കുനിയിലാണ് കടുവയെ കണ്ടത്.പുൽപ്പള്ളി സ്വദേശിയുടെ ആടിനെ കടുവ കൊന്നു. പ്രദേശത്ത് കടുവയെ പിടികൂടാൻ നേരത്തെ കൂടി സ്ഥാപിച്ചിരുന്നു.

## എൻ.എം. വിജയന്റെ ആത്മഹത്യ അതിദാരുണമെന്ന് എം.വി. ഗോവിന്ദൻ

സുൽത്താൻ ബത്തേരി: വയനാട് ഡിസിസി ട്രഷറർ എൻ.എം. വിജയന്റെയും മകന്റെയും ആത്മഹത്യ അതിദാരുണമായ സംഭവമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ഇരുവരുടെയും മരണത്തിൽ കൃത്യമായ അന്വേഷണം നടത്തണമെന്നും ഗോവിന്ദൻ പറഞ്ഞു.

കോൺഗ്രസിന്റെ സംസ്ഥാന അധ്യക്ഷൻ കെ. സുധാകരനും പ്രതിപക്ഷനേതാവ് വി.ഡി. സതീശനും രണ്ടുപേരെയും ആക്ഷേപിക്കുന്നനിലയായിരുന്നു. വിജയന്റെ കുടുംബം തങ്ങളെ ഭീഷണിപ്പെടുത്തുകയാണെന്നൊക്കെയാണ് സുധാകരനും സതീശനും പറഞ്ഞത്. മനസാക്ഷിയുള്ള ഒരാൾക്കും ഇങ്ങനെ പറയാനാവില്ലെന്നും ഗോവിന്ദൻ പറഞ്ഞു.

വിജയൻറേത് കൊലപാതകം തന്നെയാണ്. എല്ലാ പ്രതിസന്ധികൾക്കിടയിലും കോൺഗ്രസിന്റെ ഭാഗമായിനിന്നയാളാണ് വിജയൻ. ഒരുതരത്തിലും കോൺഗ്രസിനെ വേദനിപ്പിക്കരുതെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് സ്വയം ഇല്ലാതാവുകയായിരുന്നു അദ്ദേഹം. കൃത്യമായ അന്വേഷണം ഇക്കാര്യത്തിൽ വേണമെന്നും ഗോവിന്ദൻ ആവശ്യപ്പെട്ടു.

## ഇടുക്കി മുൻ എസ്പി കെ.വി. ജോസഫ് പ്രഭാത സവാരിക്കിടെ കുഴഞ്ഞുവീണ് മരിച്ചു

തൊടുപുഴ: ഇടുക്കി മുൻ ജില്ലാ പോലീസ് മേധാവി കെ.വി. ജോസഫ് ഐപിഎസ് കുഴഞ്ഞുവീണ് മരിച്ചു. ഇന്നു രാവിലെ പ്രഭാത നടത്തത്തിനിടെ അറക്കുളം സെൻറ് ജോസഫ് കോളജിനു മുന്നിലായിരുന്നു സംഭവം.

ഉടൻതന്നെ ഗ്രൗണ്ടിൽ ഉണ്ടായിരുന്നവർ അദ്ദേഹത്തെ മൂലമറ്റം ബിഷപ്പ് വയലിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## പെരിയ കേസിലെ പ്രതികൾ ജയിൽ മോചിതരായി; വൻ സ്വീകരണമൊരുക്കി സിപിഎം

കാസർഗോഡ്: പെരിയ കേസിൽ ശിക്ഷിക്കപ്പെട്ട മുൻ എംഎൽഎ കെ.വി.കുഞ്ഞിരാമൻ അടക്കം നാല് പ്രതികൾ ജയിൽ മോചിതരായി. ഇവരുടെ ശിക്ഷ ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്നാണ് പുറത്തിറങ്ങിയത്.

കുഞ്ഞിരാമന് പുറമേ , മണികണ്ഠൻ, രാഘവൻ വെളുത്തോളി, ഭാസ്കരൻ വെളുത്തോളി എന്നീ പ്രതികളാണ് കണ്ണൂർ സെൻട്രൽ ജയിലിൽനിന്ന് പുറത്തിറങ്ങിയത്. ജയിലിന് പുറത്ത് കണ്ണൂരിലെ സിപിഎം നേതാക്കൾ വൻ സ്വീകരണമാണ് ഒരുക്കിയത്.

സിപിഎം സംസ്ഥാന സമിതി അംഗം പി.ജയരാജനും പാർട്ടി ജില്ലാ സെക്രട്ടറി എം.വി.ജയരാജനും പ്രതികളെ സ്വീകരിക്കാനെത്തിയിരുന്നു. രക്തഹാരമണിയിച്ചും വലിയ ആരവങ്ങളോടെയുമാണ് നാല് പേരെയും പാർട്ടി സ്വീകരിച്ചത്.

സിബിഐ കോടതി അഞ്ച് വർഷത്തെ തടവിന് ശിക്ഷിച്ച പ്രതികൾ അപ്പീൽ നൽകിയതോടെ

ഹൈക്കോടതി ശിക്ഷ സ്റ്റേ ചെയ്യുകയായിരുന്നു. പെരിയയിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത്‌ലാലിനെയും കൃപേഷിനെയും 2019 ഫെബ്രുവരി 17 നു കൊലപ്പെടുത്തിയ കേസിലാണ് കോടതി ഇവരെ ശിക്ഷിച്ചത്.

# പൊന്മുടിയിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു

## കല്ലാർ മുതൽ പൊന്മുടി വരെ ഹരിത ഇടനാഴിയാക്കും

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പൊന്മുടി വിനോദസഞ്ചാര കേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷനും യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്ററും ചേർന്നാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

സരസ്വതി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ 50 വിദ്യാർത്ഥികൾ, ഹരിതകേരളം മിഷനിൽ നിന്നും 29 പേർ, പൊന്മുടി വനസംരക്ഷണ സമിതി പ്രവർത്തകർ, 37 ഹരിതകർമ്മസേനാംഗങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ 87 പ്രവർത്തകർ, യംഗ് ഇന്ത്യൻസിൽ നിന്നും 10 പേർ, വനം വകുപ്പിൽ നിന്നും ഡി.ടി.പി.സി. യിൽ നിന്നുമുള്ളവർ, പെരിങ്ങമ്മല പഞ്ചായത്തിൽ നിന്നുള്ള ജനപ്രതിനിധികൾ തുടങ്ങി 250 ലധികം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

പ്രധാനമായും അപ്പർ സാനിട്ടോറിയം, ലോവർ സാനിട്ടോറിയം, കെ.ടി.ഡി.സി കോംപ്ലെക്സ്, എസ്റ്റേറ്റ് റോഡ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ശുചീകരണം നടത്തിയത്. 112 ചാക്കുകളിലായി പ്ലാസ്റ്റിക് മാലിന്യങ്ങളും ചില്ലു മാലിന്യങ്ങളും മറ്റ് പാഴ്വസ്തുക്കളും വെവ്വേറെ ശേഖരിച്ച് ഹരിതകർമ്മസേന മുഖേന ക്ലീൻ കേരള കമ്പനിക്ക് സംസ്കരണത്തിന് കൈമാറി. ശുചീകരണത്തിന് ശേഷം വിവിധയിടങ്ങളിൽ ജൈവ അജൈവ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ സ്ഥാപിച്ചു. 'മൈ പൊന്മുടി ക്ലീൻ പൊന്മുടി' ക്യാമ്പയിനിന്റെ ഭാഗമായി കൂടിയാണ് പരിപാടികൾ സംഘടിപ്പിച്ചത്. ഇതിന്റെ തുടർച്ചയായി കല്ലാർ മുതൽ പൊന്മുടി വരെയുള്ള പാത ഹരിത ഇടനാഴിയാക്കി മാറ്റാനുള്ള ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ജനുവരിയിൽ തന്നെ ഇതു സംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടത്താനാണ് ലക്ഷ്യമിടുന്നത്. പൊന്മുടിയെ ഹരിത ടൂറിസം കേന്ദ്രമായും പ്രഖ്യാപിക്കും.ശുചിയാക്കിയ പ്രദേശത്തിന്റെ സുസ്ഥിരത നിലനിർത്താനായി രണ്ടു മാസത്തിലൊരിക്കൽ ഏകദിന ശുചീകരണവും വിലയിരുത്തലും നടത്തും.

മഞ്ഞുമൂടിയ മലനിരകളും സസ്യശാസ്ത്ര സവിശേഷതകളും തണുത്ത കാലാവസ്ഥയും വിസ്മയകരമായ പ്രകൃതി സൗന്ദര്യവും നിറഞ്ഞ പൊന്മുടിയെ സ്വാഭാവിക സവിശേഷതകളോടെ നിലനിർത്താൻ ലക്ഷ്യമിട്ടാണ് ശുചീകരണ യജ്ഞം സംഘടിപ്പിച്ചത്.